Century 21
Main Realty Ltd (Licensed REAA 2008)
CHERIAN MATHEW
Sales Consultant
146 Great South Road Hunter Corner
Papatoetoe, Auckland, New Zealand.
DX EP 7 4507
Phone : 09-278-2121, 09-278-0857 (After Hours)
Mob : 021 184 4924 Facsimile : 09 277 9921
E-mail : cherianmathew century 21 @yahoo.co.nz
Internet www.century21co.nz
Each Office is independently owned and operated & licensed under Real Estate Agents Act 2008

# കേരളനാട്

ന്യൂസിലാന്റ് മലയാളികളുടെ സ്വന്തം പത്രം

REGISTERED ELECTRICIANS
Commercial & Residential
Intsallation, Wiring, Rewiring, Maintenance, Repairs, Hot water etc.
SKS ELECTRICALS LTD.
TOTAL WIRING & MAINTENANCE SOLUTIONS
7 Days a week 15% special offer from April to May 15
Contact : Sibi (സിബി) Auckland
18, Clinker Street, Mt. Roskill, Auckland
Tel: 09-6255324, 021-1535559

മാർച്ച്- ഏപ്രിൽ 2010 keralanadunz@gmail.com

## ന്യൂസിലാന്റിന്റെ വളർച്ചയിൽ ഇന്ത്യൻ സമൂഹത്തിന്റെ സേവനം നിസ്തുലം

### പ്രധാനമന്ത്രി ജോൺ കീ




**സിജു ജേക്കബ്**

ഓക്‌ലന്റ്: കഠിനാദ്ധ്വാനശീലരായ ഇന്ത്യൻ സമൂഹം കഴിഞ്ഞ 100 വർഷക്കാലമയി ന്യൂസിലന്റിന്റെ പുരോഗമനപ്രക്രിയയിൽ പങ്കാളികളാണെന്ന് ന്യൂസിലന്റ് പ്രധാനമന്ത്രി ജോൺ കീ പ്രസ്താവിച്ചു. മാർച്ച് 27-ാം തീയതി ഓക്‌ലന്റ് മഹാത്മാഗാന്ധി സെന്ററിൽ ന്യൂസിലന്റ് ഇന്ത്യൻ സെന്ററൽ അസോസിയേഷന്റെ 64-ാമത് വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു കൊണ്ടു സംസാരിക്കവേയാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. നാഷണൽ ഗവണ്മെന്റ് നടപ്പിലാക്കുന്ന പുതിയ വിദ്യാഭ്യാസനയം കുട്ടികളുടെ അറിവിന്റെ മേഖലകളെ ശക്തിപ്പെടുത്തുമെന്നു പറഞ്ഞ അദ്ദേഹം ഇന്ത്യയുമായുള്ള വാണിജ്യക്കരാർ ഒപ്പുവയ്ക്കുന്നതിലേയ്ക്കുള്ള ചർച്ചകൾ ഉടൻ ആരംഭിക്കുമെന്നും കൂട്ടിച്ചേർത്തു. ചടങ്ങിൽ പങ്കെടുത്ത പ്രതിപക്ഷ നേതാവ് ഫിൽഗോഫ് തന്റെ മണ്ഡലമായ മൗണ്ട് റോസ്കിൽ ഇന്ത്യൻ സമൂഹത്തിന്റെ സ്വാധീനമേഖലയാണെന്ന് പറഞ്ഞു.




## കേന്ദ്രമന്ത്രി കപിൽ സിബിൽ ന്യൂസിലന്റിൽ

ഇന്ത്യയുടെ കേന്ദ്രവിദ്യാഭ്യാസ-മാനവശേഷി വകുപ്പു മന്ത്രി കപിൽ സിബിൽ ഏപ്രിൽ 11-ന് ന്യൂസിലന്റ് സന്ദർശിക്കുന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതിനായി ന്യൂസിലന്റ് ഭരണാധികാരികളുമായിചർച്ച ചെയ്യുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് ഉന്നതതല പ്രതിനിധിസംഘത്തോടൊപ്പം ന്യൂസിലന്റിൽ എത്തുന്നത്. GOPIO ന്യൂസിലന്റ്, കേന്ദ്രമന്ത്രിയ്ക്കും സംഘത്തിനും സ്വീകരണം നൽകും. ന്യൂസിലന്റിൽ ജോലി തേടി എത്തുന്ന മലയാളികളും വദ്യാർത്ഥികളും അഭിമുഖീകരിക്കുന്ന ഗൗരവമേറിയ പ്രശ്നങ്ങൾ മാനവശേഷി വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന മന്ത്രിയുമായി കേരളനാട് ചീഫ് എഡിറ്റർ സിജു ജേക്കബ്, എഡിറ്റർ റോയി പള്ളിമാലിൽ എന്നിവർ ചർച്ച ചെയ്യും.



## ഇന്ത്യൻ ജനത വിദേശത്ത് അവലംബിക്കുന്ന മനോഭാവം മാതൃരാജ്യത്തും പുലർത്തണം – ഡോ. എ.പി.ജെ. അബ്ദുൾ കലാം

**സിജു ജേക്കബ്**



പ്രകൃതിവിഭവങ്ങളും മനുഷ്യശേഷിയും ധാരാളമുള്ള ഇന്ത്യയ്ക്ക് സമഗ്രപുരോഗതി കൈവരിക്കുന്നതിന് അടിസ്ഥാനപരമായി നിറവേറ്റപ്പെടേണ്ട നിരവധി കാര്യങ്ങൾ ഉണ്ടെന്ന് ഇന്ത്യയുടെ മുൻപ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൾ കലാം ന്യൂസിലന്റിലെ ഇന്ത്യക്കാർക്ക് അയച്ച സന്ദേശത്തിൽ അഭിപ്രായപ്പെട്ടു. അസാധാരണ വ്യക്തിപ്രഭാവത്തിന്റെയും എളിമയുടെയും ആൾരൂപമായ ഡോ. അബ്ദുൾ കലാം ഇന്ത്യക്കാരോട് നിരവധി ചോദ്യങ്ങൾ ചോദിക്കുകയാണ്.

ഇന്ത്യ ഒരു മഹാരാജ്യമാണ് നമുക്ക് ധാരാളം വിജയകഥകൾ പാടുവാനുണ്ട്. എന്നാൽ നമ്മൾ ഇവയൊന്നും യഥാവിധി തിരിച്ചറിയുകയോ വിലമതിക്കുകയോ ചെയ്യുന്നില്ല. എന്തുകൊണ്ട്?

പാൽ ഉല്പാദനത്തിൽ നമ്മൾ ലോകത്തിൽ ഒന്നാം സ്ഥാനത്താണ്. വിദൂരനിയന്ത്രിത ഉപഗ്രഹനിർമ്മാണത്തിൽ നമ്മൾ മുൻപന്തിയിലാണ്. ഗോതമ്പ് ഉത്പാദനത്തിൽ നമ്മൾ ലോകത്ത് രണ്ടാമതാണ്. അരി ഉത്പാദനത്തിൽ നമ്മൾ ലോകത്ത് രണ്ടാമതാണ്. ഇതുപോലെ ഇനിയും ആയിരക്കണക്കിന് നേട്ടങ്ങൾ ചൂണ്ടികാണിക്കുവാനുണ്ട്. എന്നാൽ നമ്മുടെ മാധ്യമങ്ങൾക്ക് താല്പര്യം പരാജയത്തിന്റെ കഥകൾ വിളംബരം ചെയ്യുന്നതിലാണ്. മുൻ ഇന്ത്യൻ പ്രസിഡന്റ് തുടർന്നു. ഞാൻ ടെൽ അവീവിൽ ആയിരുന്ന സമയത്ത് ഒരു യിസ്രായേൽ ദിനപത്രം വായിച്ചു. അതിനു തലേദിവസം അവിടെ കടുത്ത ബോംബാക്രമണവും നാശനഷ്ടങ്ങളുമുണ്ടായി. എന്നാൽ പത്രത്തിന്റെ ഒന്നാം പേജിൽ മാന്യനായ ഒരു യഹൂദൻ 5 വർഷത്തെ നിതാന്ത പരിശ്രമത്തിലൂടെ മരുഭൂമിയായിക്കിടന്നിരുന്ന തന്റെ സ്ഥലം ഫലവൃക്ഷത്തോട്ടമാക്കിമാറ്റിയതിന്റെ വാർത്തയായിരുന്നു. തലേദിവസം നടന്ന നാശനഷ്ടത്തിന്റെ വാർത്ത ഉൾപേജുകളിൽ ഒതുങ്ങി. ഇന്ത്യക്കാരായ നമുക്ക് തിന്മയെ പെരുപ്പിച്ച് കാണിക്കുന്നതിലാണ് താല്പര്യം. പത്രമാധ്യമങ്ങളും ഇതാണ് ചെയ്യുന്നത്.

നമുക്ക് പത്തുമിനിറ്റ് സമയം കിട്ടിയാൽ നാം പറയും നമ്മുടെ ഗവൺമെന്റിന് കാര്യപ്രാപ്തിയില്ല, നമ്മുടെ നിയമങ്ങൾ പഴഞ്ചനാണ്, നമ്മുടെ മുനിസിപ്പാലിറ്റികളിലെ മാലിന്യം നീക്കം ചെയ്യുന്നില്ല, നമ്മുടെ ഫോണുകൾ പ്രവർത്തനരഹിത

*ശേഷം പേജ് ഏഴിൽ*

## ആവശ്യമെങ്കിൽ കുട്ടികളെ ശിക്ഷിക്കണം ന്യൂസിലന്റ് മാതാക്കൾ

**റോയി പള്ളിമാലിൽ**



1. കുട്ടിയ്ക്കോ മറ്റു വ്യക്തികൾക്കോ പ്രശ്നം ഉണ്ടാകുന്ന പ്രവർത്തികളിൽ നിന്ന് പിന്തിരിപ്പിക്കുന്നതിന്
2. കുട്ടികൾ ക്രിമിനൽ പശ്ചാത്തലത്തിലേക്ക് തിരിയുന്ന സാഹചര്യത്തിൽ
3. കുട്ടികൾ കുറ്റകൃത്യങ്ങൾ ചെയ്യുകയോ മോശമായ സ്വഭാവത്തിലേയ്ക്ക് നീങ്ങുകയോ ചെയ്യുമ്പോൾ
4. സാധാരണ ജീവിത സാഹചര്യങ്ങളിൽ നിന്നും വഴിവിട്ടുപോകുമ്പോൾ

**എന്നാൽ കൃത്യമായ കാരണം ഇല്ലാതെ വെറും സാധാരണ തിരുത്തലുകൾക്കുവേണ്ടി കുട്ടിയെ ശിക്ഷാനടപടികൾക്ക് വിധേയമാക്കുന്നത് നിയമത്തിനു വിരുദ്ധമാണ്.**

ശിക്ഷണം ലഭിക്കാത്ത കുട്ടികൾ മാതാപിതാക്കൾക്ക് എന്നും തലവേദന സൃഷ്ടിക്കും എന്ന പൊതുതത്വത്തെ ശരിവയ്ക്കുന്നതായി സർവ്വേഫലങ്ങൾ വെളിപ്പെടുത്തു. 1000 ആളുകളിൽ നടത്തിയ റിസേർച്ച് സർവ്വേയിൽ 75 ശതമാനം ന്യൂസിലന്റ് മാതാക്കളും നിലവിലുള്ള നിയമം മാറ്റി കുട്ടികളെ അവശ്യസമയത്തു ശിക്ഷിച്ചു വളർത്തണം എന്ന അഭിപ്രായക്കാരാണ്.

*സർവ്വേയിലെ കണ്ടെത്തലുകൾ*

1. നിയമം മാറണമെന്ന് എല്ലാവിഭാഗം ജനങ്ങളും ആഗ്രഹിക്കുന്നു.
2. 1/3 പേർക്ക് മാത്രമേ നിയമം എന്താണെന്ന് കൃത്യമായി അറിവുള്ളൂ.
3. 12 വയസിനു താഴെയുള്ള കുട്ടികളുടെ അമ്മമാരിൽ 45 ശതമാനവും കഴിഞ്ഞ 12 മാസക്കാലയളവിനുള്ളിൽ നിയമവിരുദ്ധമായി Smack ചെയ്തവരാണ്.
4. നാലിൽ ഒന്ന് അമ്മമാരും നിലവിലുള്ള നിയമം മാറ്റാൻ തയ്യാറുള്ള രാഷ്ട്രീയപാർട്ടിക്ക് വോട്ട് ചെയ്യാൻ താല്പര്യമുള്ളവരാണ്.

**2007-ൽ Amend ചെയ്ത നിലവിലുള്ള നിയമപ്രകാരം മാതാപിതാക്കൾക്ക് കുട്ടികളുടെ കോച്ചുകൊച്ചു തെറ്റുകൾ ഒഴിച്ച് മറ്റു കുറ്റങ്ങൾക്ക് കുട്ടികളെ ശിക്ഷിക്കുന്നതിന് അധികാരമുണ്ട്.**

താഴെ പറയുന്ന സാഹചര്യങ്ങളിൽ കുട്ടികളുടെ മേൽ ന്യായമായ ശിക്ഷാനടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള പേരന്റൽ കൺട്രോൾ നിയമപ്രകാരം മാതാപിതാക്കൾക്ക് അധികാരം ഉണ്ട്.

നിലവിലുള്ള നിയമം ഇത്രമാത്രം പിൻബലം മാതാപിതാക്കൾക്ക് നല്കുന്നുണ്ടെങ്കിലും കുട്ടികളെ ശരിയായ രീതിയിൽ വളർത്തിക്കൊണ്ടുവരുന്നതിന് ഈ നിയമം ഇത്രയും പോരാ എന്നാണ് 75 ശതമാനം മാതാപിതാക്കളുടെയും അഭിപ്രായം സൂചിപ്പിക്കുന്നത്.

1961 ലെ Crimes Act Section 59 പ്രകാരം കുട്ടികളെ മാതാപിതാക്കൾ കഠിനമായി ശിക്ഷിച്ചതിനു ശേഷം നിയമനടപടികളിൽനിന്നും രക്ഷപെടുവാൻ വേണ്ടി ഒരു പ്രധാനപഴുതായി ഉപയോഗിച്ചിരുന്നത് നിയമവ്യവസ്ഥയിലെ Reasonable Force എന്ന വ്യവസ്ഥ ആയിരുന്നു. ഈ വ്യവസ്ഥ മാറ്റിക്കൊണ്ടാണ് മുൻപ് പ്രതിപാദിച്ച Parental Control-ലെ നാലു വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്നത്. ഇതിന് കൂടുതൽ ബലം കൊടുക്കുവാനായി ആക്ട് എം.പി. ജോൺ ബോസ്കാവെൻസ് പാർലമെന്റിൽ ഇപ്പോൾ അവതരിപ്പിക്കുന്ന ബിൽ കുട്ടികളുടെ ശരിയായ സ്വഭാവരൂപീകരണത്തിനുവേണ്ടി ന്യായമായ ശിക്ഷാനടപടികൾ വേണമെന്ന് വിവരിക്കുന്നു. ഈ ബിൽ എം.പി. ജോൺ ബോസ്കാവെൻസിന്റെ വാക്കുകളിൽ:

Allow force for correction if it does not cause more than transitory and trifling injury, does not use any weapon or instrument and is not "cruel or degrading".

ഈ ബില്ലിനെ പിന്തുണക്കണമെന്ന് ഫാമിലി ഫസ്റ്റ് ഡയറക്ടർ ബോബ് മാക് കോസ്ക്രീ ആവശ്യപ്പെട്ടു.

## നവരസങ്ങൾ ഇതൾ വിരിയിക്കുന്ന നർത്തകർ



**റോയി കൂട്ടുങ്കൽ, നോർത്ത്ഷോർ**

ഓക്‌ലന്റ്: നൃത്തത്തിന് മാനവരാശിയോളം പഴക്കമുണ്ട്. ആനന്ദനിർവൃതിയുടെ അവാച്യനിമിഷങ്ങളിൽ പദചലനങ്ങൾക്ക് നൃത്തരൂപം കൈവരുന്നു. ഭാവ-ലാസ്യ-താള ലയങ്ങൾ സമന്വയിപ്പിച്ച് ദ്രുതചലനത്താൽ നൃത്തം ചെയ്യുന്ന അപ്സരസുകളെ ഭാരതപുരാണത്തിൽ കാണാം. അനിർവചനീയമായ സന്തോഷത്താൽ നൃത്തം ചെയ്യുന്ന അഥീനാദേവിയെ ഗ്രീക്ക് പുരാണത്തിൽ കാണാം. നൃത്തത്തിന്റെ മാസ്മരശക്തിയിലൂടെ മൃണാളിനി എന്ന പെൺകുട്ടി, ഇന്ത്യൻ ശാസ്ത്രലോകത്തെ വിസ്മയമായിരുന്ന വിക്രം സാരാഭായിയുടെ ഭാര്യയായത് മറ്റൊരു ചരിത്രം. തികച്ചും വ്യത്യസ്ത ലക്ഷ്യവുമായി, ത്യജിക്കപ്പെട്ടവരെയും ബലഹീനരെയും സഹായിക്കുക എന്ന ഉത്കൃഷ്ടഭാവവുമായി നൃത്തത്തിന്റെ മാനസസരസിൽ വിഹരിക്കുന്ന രണ്ടു രാജഹംസങ്ങൾ ഓക്‌ലന്റിൽ നൃത്തം ചവിട്ടുന്നു. നോർത്ത് ഷോർ ആശുപത്രിയിലെ ഡോ. സന്ധ്യ പിള്ളയും മെൽബണിൽ മാനേജ്മെന്റ് കൺസൾട്ടന്റായ സഹോദരൻ ഗോവിന്ദ് പിള്ളയും ചേർന്ന് ചടുലനടന ഭാവങ്ങളുമായി നൃത്തകലയുടെ സമസ്തഭാവങ്ങൾ ഇതൾ വിരിയിക്കുന്ന രാഗവിസ്മയംഓക്‌ലന്റിൽ ഒരുക്കിയിരിക്കുന്നു.

*ശേഷം പേജ് ഒൻപതിൽ*



പ്രത്യേക സപ്ലിമെന്റോടെ കേരളനാട് ഈ ലക്കം 10 പേജുകളിൽ




## പാലേരി മാണിക്യം മികച്ച ചിത്രം; മമ്മൂട്ടി നടൻ, ശ്വേത നടി




തിരുവനന്തപുരം: കഴിഞ്ഞ വർഷത്തെ നല്ല ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് രഞ്ജിത്തിന്റെ പാലേരിമാണിക്യത്തിന് ലഭിച്ചു. ഇതേ സിനിമയിലെ അഭിനയത്തിന് മികച്ച നടനായി മമ്മൂട്ടിയും മികച്ച നടിയായി ശ്വേതയും തെരഞ്ഞെടുക്കപ്പെട്ടു. കലാമൂല്യവും ജനപ്രീതിയുമുള്ള ചിത്രത്തിനുള്ള അവാർഡ് 'ഇവിടം സ്വർഗ്ഗമാണ്' നേടി. പഴശ്ശിരാജ എട്ട് അവാർഡുകളും പാലേരിമാണിക്യം നാല് അവാർഡുകളും വാരിക്കൂട്ടി. വ്യത്യസ്ത കഥാപാത്രങ്ങളെ അവതരിപ്പിച്ച് പ്രത്യേകജൂറി അവാർഡ് ജഗതി ശ്രീകുമാർ കരസ്ഥമാക്കി. കുട്ടികളുടെ ചിത്രത്തിനുള്ള അവാർഡ് ശിവൻ സംവിധാനം ചെയ്ത 'കേശു'വിനു ലഭിച്ചു. രണ്ടാമത്തെ നടൻ മനോജ് കെ. ജയൻ, രണ്ടാമത്തെ നടി - പത്മപ്രിയ, സംവിധായകൻ - ഹരിഹരൻ (പഴശ്ശിരാജ), തിരക്കഥ - എം.ടി. വാസുദേവൻ നായർ (പഴശ്ശിരാജ), ഹാസ്യനടൻ - സുരാജ് വെഞ്ഞാറമ്മൂട് (ഇവർ വിവാഹിതരായാൽ), ഗായകൻ - യേശുദാസ്, ഗായിക - ശ്രേയ ഘോഷാൽ, ഗാനരചയിതാവ് - റഫീക്ക് അഹമ്മദ്, സംഗീതസംവിധാനം - മോഹൻ സിത്താര, ശാസ്ത്രീയസംഗീതാലാപനം - ശരത്, ശബ്ദലേഖനം

*ശേഷം പേജ് ഏഴിൽ*

Money Exchange
Money Transfers
Drafts Delivery
(India, Bangladesh, Egypt, Philippines)
Cash Pickups
Wire Transfers
Open 7 days a week
Best Exchange Rates
RELIANZ FOREX LTD
Your FIRST choice to rely!
No commission on Purchase & Sale of Foreign currency notes
TOLLFREE : 0508 - 411111
632, Dominion Rd Balmoral, Auckland
Ph: 09-630 4877 Fax: 09-630 4878
Email: info relianzforex.com
www.relianzforex.com

വിഷു ആശംസകൾ...


INTERNATIONAL TRAVEL SERVICE LIMITED
ഏറ്റവും കുറഞ്ഞ നിരക്കിൽ നാട്ടിലേക്ക് ടിക്കറ്റിനായി സമീപിക്കുക
Call സാജു | 0211140307 / 09 336 8888
Saju P Thomas For Special Offer to INDIA...
Malaysia Airlines
IATA Bonded Member TAANZ
Level 5B,350 Queens Street , Auckland City Fax : +64-9-336-8889 E-mail : saju@itstravel.co.nz, Website : www.itstravel.co.nz

**KERALANADU LTD.**

Post Box No. 27429, MT Roskill, Auckland, NZ
Email: keralanadunz@gmail.com
Office No. 09 845 15 40

**PHYSICAL ADDRESS**

IO A Prospero Terrace Mt. Albert
Auckland -1025

**EDITORIAL BOARD**

| | |
|---|---|
| Chief Editor | **Siju Jaicob**, Auckland<br>*Tel :09-8451540, 0212972647* |
| Editor | **Adv. Roy Pallimalil**, Auckland<br>*Tel :09-6259145, 0211023276* |
| Sub Editor | **Roy Kootunkal,** Northshore<br>*Tel: 09-4887075, 0211147887* |
| Executive Editor | **Joseph Madapurackal**, Hamilton<br>*Tel: 078439623, 0211199624* |
| Associate Editors | **Dr. T. O. Paulose**, Auckland<br>*Tel: 09-625 4240, 021961882*<br>**Dr. Babukutty Y.**, Christchurch<br>*Tel: 033574439, 0211853327*<br>**Rajeevkumar Pattani**, Wellington<br>*Tel : 04-4770664, 0274658109* |
| Special Correspondents | **Ramani Dilip**, Hamilton<br>*Tel : 0210573897, 07838 0810*<br>**Jomis V. Joseph** Rotorua<br>*Tel : 073495500, 6210760139*<br>**Biju Surendran,** Auckland<br>*Tel: 09-6270977, 021391543*<br>**Shanoj Mathew,** Dunedin<br>*Tel: 034774361, 0210709474*<br>**Sherin Mathew,** Hastings<br>*Tel: 068704464, 0211175354*<br>**Bineesh Mathew,** Whangerai<br>*Tel: 09-4386733, 02729660*<br>**Benny Kurian,** Palmerston North<br>*Tel: 063565433, 0211301929* |

## നാവല്ലേ നമ്മുടെ മുഖ്യശത്രു?

ക്രൈസ്തവരുടെ വിവാഹ സൽക്കാരങ്ങളിൽ ഭക്ഷണം വിളമ്പിയാലും വധൂവരന്മാർ ഫോട്ടോ എടുപ്പുമൊക്കെ കഴിഞ്ഞ് വേദിയിൽ വന്നശേഷമേ വൈദികൻ ഭക്ഷണം തരുന്ന ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ട് പ്രാർത്ഥന നടത്താറുള്ളൂ.



ആദ്യം റവ. ഫിലിപ്പ് ഉമ്മൻ എന്ന പേരിൽ വൈദികനും പിന്നീട് ഡോ. ഫിലിപ്പോസ് മാർ ക്രിസ്റ്റോം എന്ന പേരിൽ മെത്രാപ്പൊലീത്തയായും അറിയപ്പെട്ട നർമ്മഭാഷകനായ വലിയ മെത്രാപ്പൊലീത്ത ഇതുപോലൊരു വിരുന്നിൽ ഭക്ഷണം ആശീർവദിക്കാൻ എഴുന്നേറ്റപ്പോഴേക്കും അതിഥികളിൽ പലരും ഭക്ഷണം കഴിച്ചു തുടങ്ങിയിരുന്നു. അദ്ദേഹം മൈക്കിലൂടെ വിളിച്ചു പറഞ്ഞു. "ഭൂരിപക്ഷത്തിന്റെ വായിലും ന്യൂനപക്ഷത്തിന്റെ മുന്നിലുമുള്ള ഞങ്ങളുടെ ഈ ആഹാരത്തെ ദൈവമേ നീ അനുഗ്രഹിക്കേണമേ..." പ്രാർത്ഥനയുണ്ടാകാറുണ്ടെന്നറിഞ്ഞിട്ടും അതിനു മുൻപ് ആർത്തിയോടെ ഭക്ഷണം കഴിക്കാൻ തുടങ്ങിയവരൊന്നു ചമ്മി. നിരത്തിവെച്ച ഭക്ഷണത്തിന്റെ രുചി നാവിനുണ്ടാക്കിയ കൊതിയല്ലേ എല്ലാറ്റിനും കാരണമെന്നും പലരും ഓർത്തുപോയി.

ചിലപ്പോൾ നമ്മുടെ നാവ് നമ്മെ നാണം കെടുത്തും. ആഹാരത്തിന്റെ കാര്യത്തിൽ മാത്രമല്ല, സംസാരിക്കുമ്പോഴും ചിലപ്പോൾ നിയന്ത്രണം വിട്ടുപോകും. നമ്മുടെ ശരീരത്തിലെ അവയവങ്ങളിൽ ഏറ്റവുമധികം പേശികളുള്ള നാവിനെ നിയന്ത്രിക്കാൻ നമുക്കാവണം. അതെ, പലപ്പോഴും നാവാണു നമ്മുടെ മുഖ്യശത്രു. അടിയന്തിരാവസ്ഥക്കാലത്ത് ഒരു മുദ്രാവാക്യം തന്നെയുണ്ടായിരുന്നു. നാവടക്കൂ, പണിയെടുക്കൂ.

ആദ്യം നമുക്കു നമ്മുടെ നാവിനെ കീഴടക്കാൻ പഠിക്കാം. അതാകും ഇനിയുള്ള കാലത്തെ നമ്മുടെ ജീവിതവിജയത്തിന്റെ മഹാമന്ത്രം.

## ക്വിസ് QUIZ - 8

1. ബാരോമീറ്റർ കണ്ടുപിടിച്ച മഹാൻ ആര്?
2. കേരളത്തിലെ ഏറ്റവും ചെറിയ ജില്ല ഏത്?
3. ഉപ്പുസത്യാഗ്രഹം നടന്ന സ്ഥലം ഏത്?
4. ടെലിവിഷൻ കണ്ടുപിടിച്ച വർഷം ഏത്?
5. ഏറ്റവും കുറച്ചുകാലം കേരളം ഭരിച്ച മന്ത്രിസഭ ഏത്?
6. കേരള സർവ്വകലാശാല സ്ഥാപിതമായ വർഷം ഏത്?
7. കേരളത്തിലെ ആദ്യത്തെ ഡീസൽ വൈദ്യുതപദ്ധതി ഏത്?
8. രാജീവ് ഗാന്ധി ഖേൽ രത്ന അവാർഡ് നേടിയ ആദ്യ മലയാളി ആര്?
9. ലോകസുന്ദരി പട്ടം ലഭിച്ച ആദ്യ ഇന്ത്യാക്കാരി ആര്?
10. ഇന്ത്യയിലെ പരമോന്നത ദേശീയ ബഹുമതി ഏത്?
11. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള നഗരം ഏത്?
12. ബഹിരാകാശത്തിൽ ആദ്യം സഞ്ചരിച്ച മനുഷ്യൻ ആര്?
13. ഇന്ത്യയിലെ ആദ്യത്തെ ത്രിമാന ചലച്ചിത്രം ഏത്?
14. ഹിമാലയത്തിലെ സുഖവാസകേന്ദ്രം ഏത്?
15. 'മഴുവിന്റെ കഥ' ആരുടെകൃതിയാണ്?

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
Siju Jaicob, 10 A Prospero Tec, Mt. Albert, Auckland 1025.

**QUIZ-7 ഉത്തരങ്ങൾ**


1. ഹെർമൻ ഗുണ്ടർട്ട്, 2. തകഴി, 3. എസ്.കെ. പൊറ്റക്കാട്, 4. കെ.ആർ. ഗൗരി, 5. സി.എം.എസ്. പ്രസ്, കോട്ടയം, 6. പനാജി, 7. അന്നാചാണ്ടി, 8. ഗുജറാത്തിലെ ഗീർ വനം, 9. ടോക്കിയോ, 10. ജാംഷഡ്ജീ ടാറ്റ, 11. കാൽസിയം, 12. സോഡിയം, 13. വ്യാഴം (jupiter), 14. ഡോ. ക്രിസ്റ്റ്യൻ ബർണാഡ്, 15. സപ്തംബർ 8, 16. കാബേജ്, 17. ആന, 18. ഹോമോസാപ്പിയൻസ്, 19. നൈട്രസ് ഓക്സൈഡ്, 20. –1

ക്വിസ്–5 വിജയികൾ : 1. റോബിൻ പി. തോമസ് (വെല്ലിംഗ്ടൺ) 2. സുജ തോമസ് (പാപ്പറ്റോയി) 3. ഗിരീഷ് പി.കെ. (ഓക്‌ലന്റ്)

**സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്**
**സ്പൈസ് പാർക്ക്, റോയൽ ഓക്ക്**

# കുട്ടികളുടെ പ്രശ്നങ്ങൾ

(മൂല്യബോധമില്ലാതെ വളരുന്ന കുട്ടികൾ ഇന്ന് മാതാപിതാക്കൾക്ക് പ്രശ്നമാകുകയാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടും വഴിപിഴച്ചു പോകുന്ന യുവാക്കൾ ഇന്ന് വളരെയാണ്. ജീവിതവിജയത്തിന് വരുമാനമുണ്ടാക്കാവുന്ന എന്തെങ്കിലും അഭ്യസിച്ചാൽ മതിയെന്ന ധാരണയാണ് ഇന്ന് പുത്തൻ തലമുറയ്ക്ക്. അതിനാൽ നല്ലൊരു വ്യക്തിത്വം വളർത്തിയെടുക്കുന്നതിൽ കുട്ടികളും, രക്ഷിതാക്കളും, അദ്ധ്യാപകരും ആരും തന്നെ ശ്രദ്ധിക്കാതിരിക്കുകയാണ്. കുറ്റവാളികളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമതാണ്. കുടുംബനായികമാർ മക്കളെ വളർത്തുമ്പോൾ പലതും ശ്രദ്ധിക്കേണ്ടതുണ്ട്. അവയിൽ ചിലതാണ് താഴെ ക്കൊടുക്കുന്നത്)



കുട്ടികളുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് അവരെ ആ വഴിക്കുള്ള വിദ്യാഭ്യാസത്തിനാണ് വിടേണ്ടത്.

കണക്കിലോ ശാസ്ത്രവിഷയങ്ങളിലോ ഒട്ടും താൽപര്യമില്ലാത്ത കുട്ടിയെ എഞ്ചിനീയറിങ്ങിന് വിട്ടാൽ അത് അവന്റെ ഭാവിയെ നശിപ്പിക്കലാണ്.

കുട്ടികളെ അവരെക്കാൾ സമർത്ഥരായ കുട്ടികളുമായി താരതമ്യം ചെയ്യുന്നത് അവരെ അപകർഷതാബോധമുള്ളവരും കൊള്ളരുതാത്തവരുമാക്കും.

ഓരോ കുട്ടിയും അവന്റേതുമാത്രമായ സിദ്ധികളോടെയാണ് ജനിക്കുന്നത്. ആ സിദ്ധി കണ്ടെത്തുന്നതിൽ അവനെ വിജയിപ്പിച്ചാൽ ഭാവി സുരക്ഷിതമാകും.

കുട്ടികളുടെ തെറ്റിന് ശിക്ഷ നൽകുന്നതിനുപകരം ശരികൾ ചെയ്യാൻ അവന് പ്രേരണയും മാതൃകയും നല്കയാണ് ആവശ്യം.

കൈക്കൂലി കൊടുത്ത് പഠിക്കാൻ സീറ്റോ ഉദ്യോഗമോ മക്കൾക്ക് വാങ്ങിക്കൊടുക്കുന്ന മാതാപിതാക്കൾ മക്കളെ അഴിമതിക്കാരും അടിപിടിക്കുന്നവരുമാക്കാനുള്ള വഴി തുറക്കുകയാണ് ചെയ്യുന്നത്.

സ്വന്തം കുട്ടികളാണെന്നോർത്ത് ഒരിക്കലും കോപം തീർക്കാൻവേണ്ടി ശിക്ഷിക്കരുത്.

കുട്ടികൾക്ക് ശിക്ഷണം നൽകാൻ ശിക്ഷയെക്കാൾ ആവശ്യം പ്രോത്സാഹനവും അനുമോദനവുമാണ്.

അമിതലാളനം കുട്ടികളെ വഷളാക്കുമെന്നതിനാൽ തെറ്റുകൾ ചെയ്യുമ്പോൾ ശാസിക്കാനും നേർവഴി കാട്ടിക്കൊടുക്കാനും നാം മറക്കരുത്.

വളർച്ചയുടെ കാലഘട്ടത്തിൽ മഹാത്മാഗാന്ധി, മദർതെരേസ, എബ്രഹാം ലിങ്കൺ തുടങ്ങിയ വിശിഷ്ടവ്യക്തികളുടെ ധാരാളം ജീവചരിത്രങ്ങൾ കുട്ടികൾക്ക് വായിക്കാൻ നൽകിയാൽ അവർ നല്ലവരായി വളരും.

ടി.വി.യിലെ വിജ്ഞാനപ്രദമായ പരിപാടികൾ കാണാൻ കുട്ടികൾക്ക് അവസരം നൽകണം. അതോടൊപ്പം അനാവശ്യമായ ദൃശ്യങ്ങൾ കണ്ട് മനസ്സ് ചീത്തയാകാതെ നാം ശ്രദ്ധിക്കണം.

ദിവസത്തിൽ രണ്ടു മണിക്കൂറിലധികം ടി.വി. നോക്കിയിരിക്കുന്നത് കുട്ടിയുടെ ശാരീരികവും മാനസികവുമായ വളർച്ചയെ പ്രതികൂലമായി ബാധിക്കും.

വീട്ടിൽ ഉത്തമഗ്രന്ഥങ്ങളടങ്ങിയ ലൈബ്രറി സജ്ജീകരിച്ചു വയ്ക്കുന്നതും വായിക്കാൻ നാം മാതൃക നല്കുന്നതും കുട്ടികളുടെ മാനസിക വളർച്ചയെ സഹായിക്കും.

കുട്ടികൾക്ക് പഠിക്കാനുള്ള സമയത്ത് നാം ടി.വി. പരിപാടികൾ ആസ്വദിച്ചിരുന്നാൽ അത് അവരുടെ പഠനതാല്പര്യത്തെയും ഏകാഗ്രതയെയും നശിപ്പിക്കും.

ഒരു നല്ല ഹോബി സ്വീകരിക്കാൻ നമ്മൾ കുട്ടിളെ പ്രോത്സാഹിപ്പിച്ചാൽ അത് അവരുടെ മാനസികവളർച്ചയെ സഹായിക്കും.

വീട്ടിൽ കുട്ടികളോടൊപ്പമിരുന്ന് കൂട്ടായ സംഭാഷണത്തിന് മുതിരുന്നതിന് മാതാപിതാക്കൾ സൗകര്യമുണ്ടാക്കണം.

പണം ചെലവു ചെയ്യുന്നതിൽ മിതത്വം പാലിക്കാൻ നാം കുട്ടികളെ ശീലിപ്പിക്കണം.

തൊഴിലിന്റെ മഹാത്മ്യം നാം കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കണം. വെള്ളക്കോളർ തൊഴിൽ കിട്ടിയില്ലെങ്കിലും എന്തെങ്കിലും ചെയ്ത് ഉപജീവനം തേടാൻ കുട്ടികളെ തയ്യാറാക്കണം.

സത്യം മാത്രം പറയാനും സത്യത്തെ ആരാധിക്കാനും കുഞ്ഞുങ്ങളെ ശീലിപ്പിക്കണം.

കുട്ടികളിലെ എന്തെങ്കിലും പോരായ്മകൾ കണ്ട് അവരെ മണ്ടന്മാരെന്ന് മുദ്രകുത്തിയാൽ പിന്നീട് ദുഃഖിക്കേണ്ടി വരും

കുട്ടികളെ പെരുമാറ്റ മര്യാദകൾ നാം പരിശീലിപ്പിക്കണം.

വൃദ്ധമാതാപിതാക്കളെ ആദരിക്കുന്നതിലും പരിചരിക്കുന്നതിലും ഉത്തമമാതൃകയാകണം.

നമ്മുടെ കുട്ടികൾക്ക് ലൈംഗികവിജ്ഞാനം നല്കിയാൽ അവരെ വഴിതെറ്റിക്കുന്ന ചീത്ത പുസ്തകങ്ങൾ തേടി അവർ പോകില്ല.

കുട്ടികളോട് നാം പക്ഷാഭേദം കാട്ടിയാൽ അവരിൽ ഒരാളിൽ അസൂയയും മറ്റേയാളിൽ പുച്ഛവുമായിരിക്കും വളർത്തുക.

മക്കൾ ചെയ്യേണ്ട വീട്ടുകാര്യങ്ങൾ ചെയ്തുകിട്ടാൻവേണ്ടി അവർക്ക് എന്തെങ്കിലും നല്കുന്നത് കൈക്കൂലിപോലെ അവരെ ചീത്തയാക്കുന്ന പരിപാടിയാണ്. മക്കളോട് ദേഷ്യം വന്നാൽ നൂറെണ്ണുന്നത്ര സമയം ശാന്തമായിരിക്കുക. അതിനുശേഷമാണെങ്കിൽ നമുക്ക് അവരെ നല്ല വഴിക്ക് കൊണ്ടുവരാൻ എളുപ്പമാണ്.

മഹാഭാരതത്തിലെ അർജ്ജുനനെപ്പോലെ മക്കളെ നമ്മൾ ലക്ഷ്യബോധവും ഏകാഗ്രതയും ഉള്ളവരാക്കി വളർത്തണം.

പരമ്പര
**കുടുംബജീവിതം**

# ദാമ്പത്യബന്ധം കുടുംബത്തിൽ

**ഡോ. റ്റി. ഒ. പൗലോസ്**

മനസ്സിന്റെയും ശരീരത്തിന്റെയും ഉത്സവമാണ് ദാമ്പത്യബന്ധം. അതിന്റെ ഊഷ്മളതയിൽ പങ്കാളികൾ തമ്മിലുള്ള എല്ലാ പരിഭവങ്ങളും പരാതികളും പിരിമുറുക്കങ്ങളും മാഞ്ഞുപോകും. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുന്ന വേദിയായി മാറണം ദമ്പതിമാർ തമ്മിലുള്ള ലൈംഗികബന്ധം. പ്രശ്നങ്ങൾ പരിഹരിച്ച് ഉത്തേജനത്തോടുകൂടി മുന്നോട്ടു പോകുവാനുള്ള ഒറ്റമൂലിതന്നെയാണ് ആസ്വാദ്യകരമായ ലൈംഗികത.



ദാമ്പത്യജീവിതത്തിലെ മടുപ്പും, വിരസതയും, താൽപര്യമില്ലായ്മയും എല്ലാം നീക്കി ശക്തവും ദൃഢവുമായ പ്രണയം ഭാവനയിൽ നെയ്തെടുത്ത് മനക്കരുത്തോടെ, ആഹ്ലാദത്തോടെ ഒരു ദിവസം പെയ്തിറങ്ങി, ഊഷ്മളമായൊരു പുതിയ ദിവസത്തിനായി കാത്തിരിക്കുന്ന ദമ്പതിമാർക്കൊരു മാർഗ്ഗനിർദ്ദേശം.

ഭാര്യയും ഭർത്താവും പരസ്പരം ചിന്തിച്ചു തുന്നുന്ന ഭാവനയെ ഉണർത്തിയാൽ മധുരം ഇരട്ടിയാക്കുമെന്ന് തീർച്ച. മനുഷ്യന് ദൈവം നൽകിയിരിക്കുന്ന അതിരുകളില്ലാത്ത ഭാവനയെ അവരവരുടെ ഉപയോഗത്തിനനുസരിച്ച് രൂപഭേദം വരുത്തി ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ വിരസതയും അരോചകത്വവും മാറും. അത് അടുക്കളയിലായാലും, ഉദ്യാനത്തിലായാലും, കിടപ്പുമുറിയിലായാലും ആഹ്ലാദമേറും.

ലോകത്ത് ഇന്ന് നാം കാണുന്നതും അനുഭവിക്കുന്നതുമെല്ലാം രണ്ടു പ്രാവശ്യം സൃഷ്ടിക്കപ്പെടുന്നു എന്നു സാരം. (Everything is created twice in this world) ആദ്യസൃഷ്ടി മനുഷ്യന്റെ മനസ്സിലാണ്. മനസ്സിൽ കണ്ടകാര്യത്തെ, ആശയത്തെ പുനരാവിഷ്ക്കരിക്കുന്നതാണ് യാഥാർത്ഥ്യം. ദാമ്പത്യജീവിതത്തിൽ നാം മനസ്സിൽ താലോലിക്കുന്ന സ്വപ്നങ്ങളും ആശയങ്ങളും പ്രാവർത്തികമാക്കുമ്പോൾ കുടുംബജീവിതം ലഹരിയുള്ളതാകും.

പങ്കാളികളുടെ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കി അതു സാധിച്ചുകൊടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പലപ്പോഴും പറയാൻ മടിയുള്ള ഈ മേഖലയിലെ ആഗ്രഹങ്ങൾ തന്ത്രപൂർവ്വം മനസ്സിലാക്കി തൃപ്തിപ്പെടുത്താൻ സാധിച്ചാൽ ദാമ്പത്യജീവിതം ആരോഗ്യകരവും, ആസ്വാദ്യകരവും, ഉന്മേഷദായകവുമാകും. അരി വീട്ടിൽവച്ചുകൊണ്ട് പട്ടിണികിടക്കുന്നവരെപ്പോലെ ദൈവം കനിഞ്ഞു നല്കിയിട്ടുള്ള അനുഗ്രഹങ്ങൾ കയ്യിൽ വച്ചിട്ട് വീർപ്പുമുട്ടി കിടന്നുറങ്ങാൻ ഇടയാകരുത്. വേണ്ടത്ര ലൈംഗികസംതൃപ്തിയില്ലാതെ അരാജകത്വമനുഭവിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ എണ്ണം കൂടി വരുന്നതായാണ് കാണപ്പെടുന്നത്. ജീവിതപങ്കാളിയിൽ നിന്ന് ലഭിക്കേണ്ടുന്ന ലൈംഗികസംതൃപ്തി ആവശ്യവും അവകാശവും തന്നെയാണ്. അത് ലഭിക്കാതെ വരുമ്പോൾ ശരീരത്തിന്റെയും മനസ്സിന്റെയും താളം തെറ്റും. വികലമായ ഭാവങ്ങളോടെ ഇത് സ്വഭാവത്തിൽ പ്രകടമാകുകയും ചെയ്യും. കോപമായും വെറുപ്പായും പലവിധ മാനസിക പിരിമുറുക്കങ്ങളായും രോഗങ്ങളുടെ വേഷം ധരിച്ചും ഇതൊക്കെ പ്രകടമാക്കാം.

അഗാധമായ പാണ്ഡിത്യം ആവശ്യമില്ല ഇത് തിരിച്ചറിയാൻ. സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

ലൈംഗികാവയവങ്ങളുടെ വലിപ്പമോ, പ്രായമോ ലൈംഗികവിഷയങ്ങളിലുള്ള അഗാധമായ അറിവോ അല്ല സംതൃപ്തമായ ലൈംഗികബന്ധത്തിനു വേണ്ടത്. പരസ്പരമുള്ള മാനസികപൊരുത്തവും, സംസാരവും, സ്നേഹമസൃണമായ ചുംബനങ്ങളും, ആലിംഗനങ്ങളും കൊണ്ട് ആർക്കും പങ്കാളിയെ ഉത്തേജിപ്പിക്കാനും ലൈംഗികതയുടെ പാരമ്യമായ സംഭോഗത്തിലേയ്ക്ക് നയിച്ച് സുഖാനുഭവത്തിന്റെ ഉച്ചസ്ഥായിയിലേക്കെത്തിക്കുവാനും സാധിക്കും. മത്സരബുദ്ധിയോടെയുള്ള സമീപനം ഇക്കാര്യത്തിൽ പങ്കാളികൾ തമ്മിലുണ്ടാകേണ്ടതുണ്ട്. ഇതിൽ ലജ്ജിക്കുവാനോ കുറ്റപ്പെടുത്തുവാനോ വകയില്ല. ഭക്ഷണവും വെള്ളവും വായുവും പോലെതന്നെ പ്രധാനപ്പെട്ടതാണ് വിവാഹജീവിതത്തിൽ ലൈംഗികതയെന്നുള്ള തിരിച്ചറിവ് നല്ലതാണ്. ദാമ്പത്യജീവിതത്തിന് അഴകും മിഴിവും പൂർണ്ണതയും നല്കുന്ന ആധാരശിലയാണ് ലൈംഗികബന്ധം.

ജീവിതത്തിന്റെ അവസാനം വരെ നീണ്ടു നില്ക്കേണ്ട ഒരു പ്രക്രിയയായതിനാൽ ഇത് അരാജകത്വമായി മാറാതിരിക്കാൻ മനപ്പൂർവ്വം ശ്രദ്ധിക്കേണ്ടതുണ്ട്. മനസ്സിന്റെയും ശരീരത്തിന്റെയും ശുദ്ധിയും സൗരഭ്യവും വസ്ത്രവുമെല്ലാം ഇതിൽ പ്രാധാന്യമർഹിക്കുന്നു. വൃത്തിയോടെയും വെടിപ്പോടെയും പങ്കാളിയെ സമീപിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. വായ്നാറ്റവും, ദുർഗന്ധങ്ങളും വിയർപ്പുനാറ്റവും ഇണയെ പിന്തിരിപ്പിച്ചെന്നുവരാം. പരസ്പരം ആകർഷകമായി പ്രത്യക്ഷപ്പെടാൻ ശ്രമിക്കേണ്ടതുണ്ട്. ദിവസം മുഴുവൻ ഉപയോഗിക്കുന്ന വസ്ത്രങ്ങളല്ല കിടപ്പുമുറിയിൽ ഉപയോഗിക്കേണ്ടത്. ലൈംഗികബന്ധത്തിനുമുമ്പ് മനസ്സിനെയും ശരീരത്തെയും ഒരുക്കമുള്ളതാക്കാൻ തയ്യാറെടുപ്പു നടത്തണം. നല്ല സോപ്പുകളും ഷാംപൂകളും സുഗന്ധതൈലങ്ങളും ധാരാളം ലഭ്യമാകുന്ന ഇക്കാലത്ത് സൗരഭ്യം നിറഞ്ഞ കിടപ്പുമുറികൾ തീർക്കുന്നത് വിഷമകരമായ ഒരു കാര്യമേയല്ല. അനുഷ്ഠിച്ചുപോരുന്ന മടുപ്പുളവാക്കുന്ന രീതികൾ വിട്ട് ഭാവനയോടെ സന്തുഷ്ടി നല്കുന്ന രീതികളും ഭാവങ്ങളും അവലംബിക്കാൻ പങ്കാളികൾ ഒന്നു മനസ്സുവെച്ചാൽ കുടുംബജീവിതം അടിപൊളിയാക്കാം. മടുപ്പിനും വിരസതയ്ക്കും വിട. എന്നും പുതുമ എപ്പോഴും പുതുമ എന്നായിരിക്കണം ലൈംഗികബന്ധത്തിൽ പങ്കാളികളുടെ മുദ്രാവാക്യം.

# രോഗാവസ്ഥയിലും ബന്നി പ്രസാദ് ഓക്‌ലന്റിൽ സംഗീതവിരുന്നൊരുക്കി



**റോയികൂട്ടുങ്കൽ, നോർത്ത്ഷോർ**

ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന അടൽബിഹാരി വാജ്പേയി അദ്ദേഹത്തിന്റെ ഓൺചായി എന്ന കവിതയിൽ ഇപ്രകാരം എഴുതി.

My Lord,
Never let me climb so high
that I can't bend down to embrace another human
Deliver me ever from such arrogance.

ദൈവം എത്ര ഉയരങ്ങളിൽ എത്തിച്ചാലും ബന്നി പ്രസാദ് എന്ന അനുഗ്രഹീത ഗിത്താർ സംഗീതജ്ഞൻ ഉയരങ്ങളിൽ നിന്ന് എളിമയോടും ലാളിത്യത്തോടും സഹജീവികളെ ആശ്ലേഷിക്കുന്നവനാണ്. ലോകത്തിലെ 218 രാജ്യങ്ങളിൽ സംഗീതവിരുന്നൊരുക്കിയിട്ടുള്ള ബന്നിയുടെ ജീവിതം വിശ്വമാനവികതയ്ക്കും സിദ്ധാന്തങ്ങൾക്കും ഒരു പുതിയ വീക്ഷണവും സമ്പ്രദായവും നൽകുന്നതാണ്.

കഴിഞ്ഞ മാർച്ച് 26–ാം തീയതി ഓക്‌ലന്റിൽ റിച്ചാർഡ്സൺ റോഡിലെ ഓഡിറ്റോറിയത്തിൽ ഗിത്താർ സംഗീതവിരുന്നൊരുക്കി നൂറുകണക്കിന് മനുഷ്യരുടെ ഹൃദയത്തിന്റെ അന്തരാളങ്ങളിൽ സ്നേഹത്തിന്റെയും എളിമയുടെയും പൂമഴ വർഷിച്ചു. 1975 ആഗസ്റ്റ് 6–ാം തീയതി ബാംഗ്ലൂരിൽ ജനിച്ച മലയാളി വേരുള്ള ബന്നി കടുത്ത ആസ്മ രോഗത്തിന് ചികിത്സ നടത്തി, മരുന്നുകളുടെ പാർശ്വഫലത്താൽ ശ്വാസകോശത്തിന്റെ 60 ശതമാനം പ്രവർത്തനരഹിതമായി. 16–ാം വയസിൽ ആത്മഹത്യയ്ക്കു ശ്രമിച്ചുകൊണ്ട് കുടുംബത്തിനും താൻ പഠിച്ച സ്കൂളിനും തലവേദന സൃഷ്ടിച്ചു. എന്നാൽ ദൈവം ബന്നിയെ ഒരു പുതിയ സൃഷ്ടിയാക്കിമാറ്റി, പുത്തൻ സ്വപ്നങ്ങളും പുത്തൻ പ്രതീക്ഷകളും നൽകി. തികഞ്ഞ ക്രിസ്തു വിശ്വാസിയായ ബന്നി ഒന്നുമില്ലായ്മയിൽ നിന്നും വളർന്ന് ലോകത്തിലെ നിരവധി രാജ്യങ്ങളുടെ പ്രസിഡന്റുമാരുടെയും പ്രധാനമന്ത്രിമാരുടെയും മുമ്പിലും പാർലമെന്റുകളിലും ലോകമിലിട്ടറി ഗെയിംസിലും വേൾഡ്കപ്പിലും ഒളിമ്പിക്സിലും പതിനായിരക്കണക്കിന് ജനങ്ങളുടെ മുമ്പിലും സംഗീതത്തിന്റെ മായാപ്രപഞ്ചം അവതരിപ്പിക്കുകയും അതോടൊപ്പം ബലഹീനതയിലും തന്നെ ശക്തനാക്കിയ യേശുവിന് സാക്ഷ്യം പറയുകയും ചെയ്യുന്നു.

218 രാജ്യങ്ങളിൽ സംഗീതപരിപാടികൾ അവതരിപ്പിച്ചിട്ടുള്ള ബന്നി ലിംകാ ബുക്ക് ഓഫ് റെക്കോഡ്സിൽ ഇന്ത്യയിലെ ഒന്നാമത്തെ സഞ്ചാരിയായ സംഗീതജ്ഞൻ എന്ന ബഹുമതി നേടി. ലോകത്തിലെ ഒന്നാമത്തെ ബോങ്കോ ഗിറ്റാർ രൂപകല്പന ചെയ്തതും ഇദ്ദേഹമാണ്. ഗിന്നസ് ബുക്കിൽ പേരിനായി പരിഗണിക്കപ്പെട്ടിട്ടുള്ള ഈ സംഗീതജ്ഞന്റെ ജീവിതശൈലിയും പ്രവർത്തനവും തികച്ചും ആത്മീയത നിറഞ്ഞതാണ്.

ഓരോ വ്യക്തിയും ദൈവത്തിന് വിലപ്പെട്ടവനാണ്. നാം കഷ്ടനഷ്ടങ്ങൾ ക്ഷമയോടെ സഹിക്കുമ്പോൾ ദൈവം നമ്മെ കൂടുതൽ സ്നേഹിക്കും; ബന്നി പറഞ്ഞു. "എന്റെ വേദനയുടെയും രോഗത്തിന്റെയും നടുവിൽ ആത്മാവിൽ നിറയുന്നത് സങ്കടമല്ല, ഹൃദയത്തിൽ നിന്ന് ഒഴുകുന്നത് ചോരയല്ല, മറിച്ച് സ്നേഹത്തിന്റെ സംഗീതമാണ്. അത് കയ്പിനെ മധുരമാക്കുന്നു, അത് മരുഭൂമിയുടെ മാറിൽ ശ്വാശതവസന്തത്തിന് മുദ്രയിടുന്നു. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുക അതിലൂടെയാണ് ജീവിതത്തിന് അർത്ഥമുണ്ടാകുന്നത്; ബന്നി പറഞ്ഞു.

# ഒബാമയുടെ അപരൻ ജനശ്രദ്ധ ആകർഷിക്കുന്നു



അമേരിക്കൻ പ്രസിഡന്റ് ബാറക് ഒബാമ സ്കൂൾ കുട്ടിയായിരുന്നപ്പോൾ പഠിച്ചിരുന്ന ഇന്തോനേഷ്യയിലെ ഒരു പ്രൈമറി സ്കൂളിലേയ്ക്ക് ആളുകളെ അമ്പരപ്പിച്ചുകൊണ്ട് 'ഒബാമ' കടന്നു ചെന്നു. പക്ഷെ അത് യഥാർത്ഥ ഒബാമ ആയിരുന്നില്ല. ഒബാമയുടെ അപരൻ 34 കാരനായ ജാക്കാർത്തക്കാരൻ ടീൻ മാഗസിൻ ഫോട്ടോഗ്രാഫർ ഐഹാം അനസ് ആയിരുന്നു അത്. എല്ലാ അർത്ഥത്തിലും ഒബാമയോട് സാമ്യമുള്ള അനസിന് ഇപ്പോൾ തിരക്കോടുതിരക്കാണ്. ഇന്തോനേഷ്യൻ ടെലിവിഷനിലും മറ്റു പല മേഖലകളിലും ഈ ജാക്കാർത്തക്കാരന് അവിശ്വസനീയമാം വിധം തിരക്കാണ്. രണ്ട് കുട്ടികളുടെ പിതാവായ അനസ് ഇപ്പോൾ വീട്ടിൽ ഉള്ള സമയം കുറവാണ്. ജനക്കൂട്ടത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതിനു മുമ്പ് കണ്ണാടിയ്ക്കു മുമ്പിൽ സമയം ചെലവാക്കുന്ന അനസ് പ്രസിഡന്റ് ഒബാമയുമായുള്ള സാമ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൺപുരികത്തിൽ ചെറിയ മിനിക്കുപണികളൊക്കെ നടത്തിക്കഴിഞ്ഞു. ഇപ്പോൾ ഒരു താരമായി മാറിയ അനസിന് 'ബോഡി ഗാർഡ്സ്' ആവശ്യമായി വന്നിരിക്കുകയാണ്. പ്രസിഡന്റ് ഒബാമ ഒരു തവണ കൂടി പ്രസിഡന്റ് ആകണമേ എന്നാണ് അനസിന്റെ പ്രാർത്ഥന.

*(കടപ്പാട് : Los Angeles Times)*

# കൗതുകവാർത്തകൾ

**ജോസ് ജോസഫ്**

## തിരുടർഗ്രാമം




ഐടി നഗരം, വ്യാവസായികനഗരം എന്നൊക്കെപ്പറയുന്നതു പോലെ മോഷ്ടാക്കൾക്ക് ഒരു ഗ്രാമം. എന്താ വിശ്വസിക്കാൻ കഴിയുന്നില്ലേ? എന്നാൽ കേട്ടോളൂ... തമിഴ്നാട്ടിൽ മോഷ്ടാക്കൾ മാത്രമുള്ള ഒരു ഗ്രാമമുണ്ട്. പേര് തിരുടർ ഗ്രാമം. അവിടെ നൂറുശതമാനം സാക്ഷരത എന്നു പറഞ്ഞതുപോലെ നൂറു ശതമാനം മോഷ്ടാക്കൾ മാത്രമുള്ള ഗ്രാമമാണ്. വിവിധ പ്രായത്തിലുള്ളവരെ മോഷണം പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങൾ അവിടെയുണ്ട്. അഞ്ചു വയസുകാരനെ ചില്ലറ പോക്കറ്റടി പരിശീലിപ്പിക്കുന്ന ഈ പരിശീലന കേന്ദ്രങ്ങളിൽ യുവാക്കൾക്ക് ബാങ്ക് ലോക്കറുകൾ തകർത്ത് കവർച്ച നടത്തുന്ന ഉന്നതവിദ്യാഭ്യാസപരിശീലനപരിപാടികളും നടത്തുന്നു. ജനൽക്കമ്പി വളയ്ക്കൽ, ഓടിളക്കി വീടിനുള്ളിൽ പ്രവേശിക്കൽ എന്നിവ ഇടത്തരം പ്രായക്കാരെ പഠിപ്പിക്കുന്ന ഈ കേന്ദ്രങ്ങൾ വനിതാകൾക്കായി മോഷണ വർക്ഷോപ്പുകളും നടത്തുന്നു.പരിശിലനം പൂർത്തിയാക്കിയവർ ഗുരുഭൂതരുടെ അനുഗ്രഹാശിസ്സുകൾ വാങ്ങി, കുലദേവതയുടെ ക്ഷേത്രത്തിൽ പൂജയും നടത്തി, തമിഴ്നാട്, കേരളം തുടങ്ങിയ സംസ്ഥാനങ്ങളുടെ വിവിധ ഭാഗങ്ങളിൽ കവർച്ച നടത്തി മോഷണദ്രവ്യങ്ങളുമായി തിരുടർ ഗ്രാമത്തിലേയ്ക്ക് തിരിച്ചുവരുന്നു. ഈ മോഷണദ്രവ്യങ്ങൾ ഗ്രാമത്തലവന്റെ സാന്നിദ്ധ്യത്തിൽ ഗ്രാമവാസികൾക്ക് തുല്യമായി വീതിച്ചു നൽകുന്നു. അവിടെ മോഷണം പഠിക്കുവാൻ ആർക്കെങ്കിലും താല്പര്യമുണ്ടെങ്കിൽ ആഗ്രഹം ഇപ്പോൾത്തന്നെ ഉപേക്ഷിക്കുക, കാരണം തിരുടർ ഗ്രാമവാസികൾക്കുമാത്രമേ ഈ കോഴ്സുകളിൽ പ്രവേശനമുള്ളൂ.

## വിവാഹലോട്ടറി

മുപ്പതുവർഷം മുൻപ് ഒരു ലക്ഷം രൂപ സ്ത്രീധനം എന്നുകേൾക്കുമ്പോൾ നമ്മൾ ഞെട്ടാറുണ്ടായിരുന്നു. എന്നാൽ കാർഷിക വ്യാവസായിക മേഖലകളിൽ കുതിച്ചുയരുന്ന നമ്മുടെ രാജ്യത്തെ ആളുകളിൽ പലരും ഇന്ന് അതീവ സമ്പന്നരാണ്. അടുത്ത കാലത്തു നടന്ന സമ്പന്ന കുടുംബാംഗങ്ങളുടെ വിവാഹത്തിന് ഒരുകോടിയും രണ്ടു കോടിയും രൂപ സ്ത്രീധനം ഒരു സാധാരണ സംഭവമായി മാറിയിരിക്കുന്നു. എന്നാൽ 500 കോടി സ്ത്രീധനം വാങ്ങിയ യുവാവിന്റെ കഥ കേൾക്കണോ? സമ്പന്നനും അതീവസുന്ദരനുമായ ഈ യുവാവ് സാധാരണക്കാരനല്ലെന്ന് സ്ത്രീധനത്തിന്റെ വലിപ്പംകൊണ്ട് ഊഹിക്കാമല്ലോ. ആന്ധ്രാക്കാരുടെ കൺകണ്ട ദൈവവും സിനിമാതാരരാജാവും ആന്ധ്രാ മുഖ്യമന്ത്രിയുമായിരുന്ന സാക്ഷാൽ എൻ. ടി. രാമറാവുവിന്റെ കൊച്ചുമകനാണ് ഈ ഭാഗ്യവാനായ യുവാവ്. എൻ ടി ആറിന്റെ മകനും മുൻ ചലച്ചിത്രതാരവുമായ ഹരികൃഷ്ണറാവുവിന്റെ മകനും തെലുങ്ക് സിനിമാ വേദിയിൽ കുതിച്ചുയരുന്ന താരവുമായ ഈ സുന്ദരൻ ജൂനിയർ എൻ ടി ആർ എന്ന പേരിലാണ് അറിയപ്പെടുന്നത്. എൻ ടി ആറിന്റെ മരുമകനും, മുൻ ആന്ധ്രാ മുഖ്യമന്ത്രിയുമായ ചന്ദ്രബാബു നായിഡുവിന്റെ ഉറ്റ സ്നേഹിതനും വ്യവസായപ്രമുഖനുമായ ശ്രീനിവാസറാവുവിന്റെ മകളാണ് ജൂനിയർ എൻ ടി ആറിന്റെ പ്രതിശ്രുത വധു





# ഈസ്റ്റർ സന്ദേശം

റവ. ഫാ. അലക്സ് വിരുതികുളങ്ങര

കുരിശിൽ തറയ്ക്കപ്പെട്ട നന്മയുടെ ഉയർത്തെഴുന്നേല്പ്പാണ് ഈസ്റ്റർ. സഭയുടെ പരമപ്രധാനമായ വിശ്വാസസത്യമാണ് ഉയർപ്പ്. ദുഃഖത്തിന്റെ കയ്പ്പുനീർ കുടിക്കേണ്ടി വരുമ്പോഴും പ്രത്യാശയുടെ നീർചാൽ വറ്റിയിട്ടില്ലായെന്ന് ഈസ്റ്റർ നമ്മെ ഓർമ്മിപ്പിക്കുന്നു. പാപത്തിന്റെ ബന്ധനത്തെ തകർത്തെറിഞ്ഞുകൊണ്ട് നമ്മൾ ഹൃദയവിശുദ്ധിയിലേയ്ക്ക് കടന്നുവരുമ്പോൾ, നമ്മുടെ ഉള്ളിൽ ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ അനുഭവവും ഉണ്ടായിവരുന്നു. നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിതനായ ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്ന് പ്രവൃത്തിയിലൂടെ നാം ഉറപ്പിക്കണം. വി. പൗലോസ് അപ്പോസ്തലൻ പറഞ്ഞു. ക്രിസ്തു ഉയർക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ് (1 കൊരിന്ത്യർ 15:14). മരിച്ചവരിൽ നിന്നും ഉത്ഥാനം ചെയ്ത ക്രിസ്തു ഇനി യുഗാന്ത്യത്തോളം നമ്മോടൊപ്പമുണ്ടാകും.


ഉയർപ്പിലേയ്ക്ക് എത്തുന്നതിനു മുമ്പ് ചില സഹനത്തിന്റെ അനുഭവങ്ങൾ ഉണ്ട്. ഉയർപ്പിനു പിൻപിൽ ഒരു കുരിശുമരണം ഉണ്ട്, തീവ്രവേദനയുടെ തീരാനിരയുണ്ട്, ഒറ്റിക്കൊടുക്കലുണ്ട്, തള്ളിപ്പറയലും ചമ്മിട്ടി അടികളും ആണിപ്പാടുകളും മുൾക്കിരീടവും നെഞ്ചിലേറ്റ കുന്തമുനയുടെ മുറിവും കയ്പുനീരിന്റെ കയ്പ്പും ഉണ്ട്. എല്ലാത്തിനുമൊടുവിൽ മൂന്നു ദിനരാത്രങ്ങളുടെ ശൂന്യതയുണ്ട്. യേശു ഉത്ഥാനത്തിലേക്ക് പ്രവേശിച്ചത് സഹനത്തിലൂടെയാണ്. നമ്മുടെ പാപങ്ങളെല്ലാം സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി (1 പത്രോസ്2:24). അതിനാൽ സഹനത്തിന്റെ അവസ്ഥകളിൽ നമ്മൾ യേശുക്രിസ്തുവിലേക്ക് നോക്കുമ്പോൾ പാപാന്ധകാരത്താൽ മൂടപ്പെട്ട, മുദ്രവയ്ക്കപ്പെട്ട നമ്മുടെ ഹൃദയകല്പനകൾ തുറക്കപ്പെടും. അപ്പോൾ ഒരു കല്ലേറുദൂരം മാറി ഉത്ഥിതനായ ക്രിസ്തുവിനെ ദർശിക്കുവാൻ നമുക്കു കഴിയും. ഉത്ഥാനം ചെയ്ത യേശു നമ്മോടു പറയും "നിങ്ങൾക്കു സമാധാനം". ഈ സമാധാനഅനുഭവത്തിലേയ്ക്കുള്ള വളർച്ചയാണ്, ഉയർച്ചയാണ് ഉത്ഥാന അനുഭവം. നമ്മുടെ സ്വാർത്ഥതയുടെ കല്ലറകളെ പിളർത്തിക്കൊണ്ട് നീതിബോധത്തോടെയും, പരസ്പരസ്നേഹത്തോടെയും നാം വർത്തിക്കുമ്പോഴൊക്കെ ഈ ഉത്ഥാനം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ജീവിത സാഹചര്യങ്ങൾ എത്ര നിരാശാജനകമാണെങ്കിലും അത്രതന്നെ ശക്തമായ പ്രത്യാശ നല്കുന്നതാണ് യേശുവിന്റെ ഉത്ഥാനം. മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റ യേശു ഇനി ഒരിക്കലും മരിക്കുകയില്ല എന്ന് നമുക്കറിയാം. മരണത്തിന് യേശുവിന്റെ മേൽ ഇനി അധികാരമില്ല. യേശു ജീവിക്കുന്നു. ഇതാണ് ഉയർപ്പ് നമ്മെ ഓർമിപ്പിയ്ക്കുന്നത്.

## ഒന്നാം പിറന്നാൾ ആശംസകൾ



**AKSHIT JIBI**
S/o Jibi & Manju
Mt. Eden, Auckland

## ഒന്നാം പിറന്നാൾ ആശംസകൾ



**ABRIN THOMAS**
S/o Thomas & Mercy
8/585 Manukavu Road, Epsom



എസ്. പരമേശ്വരശർമ്മ
(മേൽശാന്തി)
ഓക്‌ലന്റ് ശ്രീ ഗണേശക്ഷേത്രം
പാപ്പകുറ

## ശുഭപ്രതീക്ഷകളുടെ നിറക്കൂട്ടാകട്ടെ വിഷു

വസന്തഋതുവിനെ ഓർമ്മപ്പെടുത്തി വീണ്ടും വിഷു. നവവർഷത്തിന്റെ പുതുപ്പുലരിയാണ് കർഷകർക്ക് വിഷു. മേടം പിറക്കുന്നതോടെ ദേശാടനക്കിളികളോടൊപ്പം വിഷുപക്ഷിയുമെത്തും. ഇതോടെ കാർഷികകേരളം ഉണരുകയായി. ശുഭമംഗളദർശനത്തോടെയാരംഭിക്കുന്ന പുതുവർഷം സമൃദ്ധിയുടേതാകുമെന്നാണ് വിശ്വാസം. കണികാണലിന് വളരെ പ്രാധാന്യമാണ് വിഷുദിവസം കല്പിച്ചിട്ടുള്ളത്. മനുഷ്യർക്ക് മാത്രമല്ല പക്ഷി മൃഗാദികൾക്കും വൃക്ഷലതാദികൾക്കും എല്ലാം കണികാണിക്കണമെന്നാണ് വിശ്വാസം. കാലം മാറിയതോടെ ആചാരങ്ങൾക്കു മാറ്റം വന്നുവെങ്കിലും മലയാളിയുടെ മനസ്സിലിപ്പോഴും വിഷുക്കണിയുടെ നന്മ അവശേഷിക്കുന്നു. ഈ നന്മ കളങ്കപ്പെടാതിരിക്കട്ടെ. കേരളനാടിനും വായനക്കാർക്കും വിഷു ആശംസകൾ.



ബിജു സുരേന്ദ്രൻ

## കൊന്നപ്പൂക്കളുടെ പൊൻപുലരി

വിഷുപ്പുലരിയിൽ ചിരിക്കുന്ന കൊന്നപ്പൂക്കളും നിലവിളക്കിന്റെ പ്രഭയും ഐശ്വര്യം വിടർത്തുന്നു. ഇത് ഒരുവർഷക്കാലം നിലനിൽക്കുമെന്നാണ് വിശ്വാസം. കണികാണാനും കൈനീട്ടം വാങ്ങാനും മലയാളികൾക്ക് ഇപ്പോഴും ഉത്സാഹമാണ്. മനുഷ്യന്റെ ഭാവിയെ നിർണ്ണയിക്കുന്ന സുവർണ്ണപ്രതീക്ഷകളാണ് വിഷുവിന്റെ സന്ദേശം. സമഭാവനയുടെയും സാഹോദര്യത്തിന്റെയും ഊഷ്മള സന്ദേശം തലമുറകൾ കൈമാറുന്നതിൽ നമ്മുക്ക് അഭിമാനിക്കാം.

## ഗ്ലോബൽ റെമിറ്റൻസ് പ്രവർത്തനം ആരംഭിച്ചു



മലയാളികളുടെ സംരംഭമായ ഗ്ലോബൽ റെമിറ്റൻസ് ഓക്‌ലന്റിലെ ഷോപ്പിങ്ങ് സെന്ററിൽ 2010 മാർച്ച് 23 മുതൽ പ്രവർത്തനം ആരംഭിച്ചു. ഓക്‌ലന്റ് മലയാളി സമാജം പ്രസിഡനന്റ് ശ്രീ ശശി നമ്പീശൻ ഉദ്ഘാടനവും AIM ക്ലബ് പ്രസിഡന്റ് ശ്രീ ബേബി കുരിയാക്കോസ് ആദ്യ ട്രാൻസാക്ഷനും നടത്തി. ഉദ്ഘാടനവേളയിൽ ഓക്‌ലന്റ് മയാളി സമൂഹത്തിലെ പ്രമുഖർ പങ്കെടുത്തു.



## സർഗ്ഗപുഷ്പങ്ങൾ

# ഗിത്താർതന്ത്രികളിൽ വിരിയുന്ന അനുപമസംഗീതം

റോയി ഫ്രാൻസിസ്



ഗിത്താർസംഗീതത്തിന്റെ മാധുര്യവും മനോഹാരിതയും ആസ്വദിക്കാത്തവർ ഈ ഭൂലോകത്തുണ്ടാവില്ല. സംഗീതരൂപങ്ങൾ ഏതായാലും അവ ഗിത്താർ തന്ത്രികളിൽ വിരിയുമ്പോൾ അത് ആസ്വാദകർക്ക് സ്വർഗീയ അനുഭൂതിയാണ്. സംഗീതചക്രവർത്തി ഇളയരാജയുടെ ഏറ്റവും മികച്ച സംഭാവനയായ "ഇളയനിലാ പൊഴികിറതെ' എന്ന തമിഴ് ചലച്ചിത്രഗാനം ഓക്‌ലന്റിൽ രവീസ് മ്യൂസിക്കൽ നൈറ്റിൽ ഗായകൻ രവി അവതരിപ്പിച്ചപ്പോൾ ഗിത്താർ വായിച്ച് ശ്രോതാക്കളുടെ ഹൃദയം കവർന്ന കലാകാരൻ ആന്റണിയാണ് ഈ ലക്കത്തിലെ പ്രതിഭ. ഗിത്താറിസ്റ്റ് ആന്റണി മനസ്സിലും രക്തത്തിലും അലിഞ്ഞുചേർന്ന സംഗീതത്തെ വിരൽത്തുമ്പിലൂടെ ആഘോഷമാക്കി.

ഓക്‌ലന്റ് ഇന്ത്യൻ സമൂഹത്തിലെ ഗാനമേളകൾക്കൊക്കെയും ചുക്കാൻ പിടിച്ചിട്ടുള്ള ആന്റണിയുടെ സംഗീതജ്ഞാനം ആഴമേറിയതാണ്. ഓക്‌ലന്റിലെ വിവിധ സംഗീതസദസ്സുകളിൽ ഗിത്താർ സംഗീതത്തിന്റെ ഹൃദയസ്പർശിയായ മുഹൂർത്തങ്ങൾ സൃഷ്ടിച്ചിട്ടുള്ള പ്രതിഭയാണ് ആന്റണി. പ്രതിഭാസ്പർശത്തിന്റെ തലോടലിൽ ആദ്യം ഓർമ്മയിൽ തെളിയുന്നത് സർഗ്ഗം എന്ന ചിത്രത്തിലെ 'സംഗീതമേ അമരസല്ലാപമേ' എന്ന ഗാനമാണ്. ഈ ഗാനത്തിലെ തികച്ചും ബുദ്ധിമുട്ടുള്ള സ്വരമാലികകൾ അനായാസേന ഗിത്താറിൽ വിരിയിച്ചപ്പോൾ ശ്രോതാക്കൾക്ക് അത് ഒരു പുതിയ അനുഭവമായി. 'പ്രമദവനം വീണ്ടും' എന്ന സെമി ക്ലാസിക്കൽ ഗാനം ഭാവതീവ്രമായി അവതരിപ്പിച്ചപ്പോൾ ആന്റണിയെന്ന അതുല്യപ്രതിഭയെയാണ് നാം കണ്ടത്. ഗിത്താർ സംഗീതം ഏറ്റവും കൂടുതൽ പ്രീലൂഡിലും (ഒരു ഗാനത്തിന്റെ സ്വരം ആരംഭിക്കുന്നത്) ഇന്റർലൂഡിലും (പല്ലവിയുടെയും ചരണത്തിന്റെയും ഇടവേള) ഉൾക്കൊള്ളിച്ചിട്ടുള്ള 'ഇളയനിലാ' എന്ന ഗാനത്തിന്റെ രണ്ടാം ചരണത്തിന് മുൻപുള്ള ഇന്റർലൂഡിലും ഗാനാന്ത്യത്തിലുള്ള സോളോ ഗിത്താർ ബിറ്റുകളും ആന്റണി മധുരമനോഹരമാക്കിയത് ശ്രോതാക്കൾക്ക് എളുപ്പം മറക്കാൻ പറ്റുന്നതല്ല.


പതിമൂന്നാം വയസ്സിൽ പിതാവ് നൽകിയ പോക്കറ്റ് മണികൊണ്ട് വാങ്ങിയ ആദ്യഗിത്താറിൽ തനിയെ മീട്ടിയ ശ്രുതിയിൽ നിന്ന് തുടങ്ങിയതാണ് ആന്റണിയുടെ സംഗീതതപസ്യ. ഗിത്താർസംഗീതം ശാസ്ത്രീയമായി അഭ്യസിച്ചിട്ടില്ലാത്ത ആന്റണി ഗിത്താറിന്റെ പാഠഭാഗങ്ങൾ കണ്ടും കേട്ടും ചോദിച്ചറിഞ്ഞും മനസ്സിലാക്കിയതാണ് എന്നത് ആശ്ചര്യം ഉളവാക്കുന്ന ഒന്നാണ്. കോളജ് വിദ്യാഭ്യാസകാലത്ത് കൊച്ചിൻ എഫ്. എം. റേഡിയോയ്ക്ക് വേണ്ടി ഗിത്താറിൽ വായിച്ച ഗസൽ ഗാനമായിരുന്നു ആന്റണിയുടെ ആദ്യ സംഗീതപരിപാടി. പിന്നീട് ചിദംബരത്ത് ഡിഗ്രിക്ക് പഠിക്കുമ്പോൾ ഗാനമേളകളിൽ ഗിത്താറിസ്റ്റായി സജീവമായിരുന്നു. സേലത്ത് മദൻ കല്യാണിന്റെ 'സംഗമം', ബഹുഭാഷാഗാനമേള 'ഗീതാഞ്ജലി', 'രവീസ് മ്യൂസിക്കൽ നൈറ്റ്', 'സ്വരങ്ങൾ', ബോളിവുഡ് പിന്നണി ഗായകർ അബ്ബാസ് - അന്വേഷണ ടീമിന്റെ 'ബോളിവുഡ് മ്യൂസിക്കൽ നൈറ്റ്', ക്രൈസ്റ്റ് ചർച്ചിലെ ആദ്യലൈവ് 'ഇന്ത്യൻ മ്യൂസിക്കൽ നൈറ്റ്', സെന്റ് പീറ്റേഴ്സ് സിറിയൻ ചർച്ച് ക്വയറിലെ ഗിത്താറിസ്റ്റ് എന്നീ നിലകളിൽ മികച്ച പ്രകടനം കാഴ്ചവച്ച് പ്രശസ്തിയിലേയ്ക്കുയർന്നു.

കോട്ടയം ജില്ലയിലെ മുഴൂരിൽ നടന്ന യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ തന്റെ ഇഷ്ടഗാനം 'ഇളയനിലാ' ഗിത്താറിൽ വായിച്ച് ആന്റണി ഒന്നാം സ്ഥാനം നേടുകയുണ്ടായി. 2003-ൽ ഭാര്യ മേയ്മോളും മക്കളായ ദിയ, ലയ എന്നിവരുമായി ന്യൂസിലന്റിൽ എത്തിയ ആന്റണിയുടെ ആദ്യ ഗിത്താർ വായന ഓക്‌ലന്റിലെ പൊകോകോയിലുള്ള കത്തോലിക്കാ പള്ളിയിലായിരുന്നു. പിന്നീട് ഓക്‌ലന്റ് മലയാളി സമാജത്തിന്റെ വിവിധ പരിപാടികൾ, തണ്ണിപ്പാറ കുടുംബത്തിൽ പരേതനായ അദ്ധ്യാപകൻ ബേബിച്ചന്റെയും റിട്ട: അധ്യാപിക കത്രീനാമ്മയുടേയും ഇളയ പുത്രനാണ് ആന്റണി. മെലഡി ഗാനങ്ങളാണ് ഇഷ്ടം. ശ്രീനിവാസന്റെ മാൻ ഡൊലിൻ കച്ചേരികളും ആന്റണിക്ക് പ്രിയപ്പെട്ടതാണ്. ട്യൂണുകൾ ശ്രദ്ധിച്ച് വളരെ വേഗത്തിൽ മ്യൂസിക് നോട്ടുകൾ കൈകാര്യം ചെയ്യുന്ന ഈ കലാകാരന്റെ അനിതരസാധാരണ കഴിവ് വിസ്മയിപ്പിക്കുന്നതാണ്. മകൾ ദിയ പിതാവിന്റെ പാത പിന്തുടർന്ന് ഗിത്താർ അഭ്യസിക്കുകയാണ്. ദിയ ചെറുപ്രായത്തിൽ ത്ത ന്നെ ലൈവ്മ്യൂസിക് പ്രോഗ്രാമുകളിൽ പങ്കെടുത്തിട്ടുണ്ട്.

ഭാര്യ മേയ്മോളുടെ ആത്മാർത്ഥമായ പിന്തുണയും പ്രചോദനവും തന്നിലെ കലാകാരനെ വളർത്തിയെടുക്കാൻ പ്രധാന പങ്കുവഹിച്ചതായി ആന്റണി പറഞ്ഞു.

ശ്രീ. ആന്റണി ഡെന്നീസ് (പ്രശസ്ത ഗിത്താറിസ്റ്റ്, ഓക്‌ലന്റ്), ശ്രീ ശശി നമ്പീശൻ (ഓക്‌ലന്റ് മലയാളി സമാജം പ്രസിഡന്റ്), ജെസ്സെ-ഹേമ ദമ്പതികൾ, സെന്റ് പീറ്റേഴ്സ് സിറിയൻ ചർച്ച് ഗ്രൂപ്പ് ഓക്‌ലന്റ് എന്നിവരുടെ പ്രോത്സാഹനവും സഹായസഹകരണങ്ങളും നന്ദിയോടെ ആന്റണി ഓർക്കുകയാണ്. മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ ആന്റ് ഫോറസ്ട്രി (MAF) യിലെ ട്രെയിനിങ്ങ് ഉദ്യോഗസ്ഥനായി ജോലി നോക്കുകയാണ് ആന്റണി. പ്രശസ്തമായ ഒരു സ്ഥാപനത്തിന്റെ മാനേജരായി ജോലി ചെയ്യുകയാണ് മേയ്മോൾ. മക്കളായ ദിയയും ലയയും മൗണ്ട് ആൽബർട്ട് മാരിസ്റ്റ് കത്തോലിക്കാ സ്കൂളിൽ വിദ്യാർത്ഥികളാണ്. ഈശ്വരന്റെ അനുഗ്രഹം കൊണ്ട് ലഭിച്ച കലയെ ഈ തിരക്കുപിടിച്ച പ്രവാസി ജീവിതത്തിനിടയിലും വളർത്തി വലുതാക്കാൻ ശ്രമിക്കുന്ന ഈ എളിയകലാകാരന് കൂടുതൽ അവസരങ്ങൾ ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

## ഉപകാരസ്മരണ



ബിന്ദു വർഗീസ്
പാംസ്റ്റൺ നോർത്ത്

## ഉപകാരസ്മരണ



ബിന്ദു വർഗീസ്
പാംസ്റ്റൺ നോർത്ത്






















KERALANADU
1185 മീനം മാർച്ച്-ഏപ്രിൽ 2010

## ത്യാഗത്തിന്റെ വഴിയും സമൃദ്ധിയുടെ പൂക്കളും

സഹനത്തിന്റെയും സ്നേഹത്തിന്റെയും ഓർമ്മപ്പെടുത്തലുമായി ഈസ്റ്ററും ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പൂക്കാലമൊരുക്കി വിഷുവും വന്നെത്തുന്നതാണ് ഈ മാസത്തിന്റെ പ്രത്യേകത. എല്ലാ പ്രവാസികൾക്കും ജന്മനാട്ടിലെ ഗ്രാമീണപാതകളിലേയ്ക്കുള്ള പിൻനടത്തംകൂടിയാണ് ഈ ദിവസങ്ങളിലെ ഓർമ്മപ്പെടുത്തലുകൾ.

ജീവികളുടെ ജീവനെ മാനിക്കുകയെന്ന വലിയ വചനമാണ് ഇത്തരുണത്തിൽ എല്ലാവരും ഓർക്കേണ്ടത്. ആഹാരത്തിനും വസ്ത്രത്തിനും സ്വയരക്ഷയ്ക്കുമായി മൃഗങ്ങളെ കൊല്ലാൻ യഹോവ നമ്മെ അനുവദിക്കുന്നുണ്ടെങ്കിലും, സമനിലയോടും ദയയോടും കൂടെവേണം നാം ആ അധികാരം പ്രയോഗിക്കാൻ (ഉല്പത്തി 3:21;9:3) കേവലം വിനോദത്തിനുവേണ്ടി മൃഗങ്ങളെ വേട്ടയാടിയ ക്രൂരനും നായാട്ടുവീരനുമായ നിമ്രോദിനെപ്പോലെയായിരിക്കാൻ നാം ആഗ്രഹിക്കുന്നില്ല. (ഉല്പത്തി 10;9) മറിച്ച് മൃഗങ്ങളുടെ - അൽപ്പപ്രാണികളായ കുരുവികളുടെപോലും -ക്ഷേമത്തിൽ തല്പരനായ യഹോവയെ നാം അനുകരിക്കണം-യോനാ 4:11; മത്തായി 10:29.

ദൈവവചനം രക്തത്തേയും ജീവനെയും ഒരുപോലെയാണ് കാണുന്നത്. യേശുക്രിസ്തു ഒരിക്കലായിട്ട് അർപ്പിച്ച ശരീരത്യാഗത്തിലൂടെയാണ് ആ പരിഹാരം സാധ്യമായിത്തീർന്നത് (എബ്രായർ 10:10) “കറയും കളങ്കവുമില്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള രക്തത്താൽ, ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ” പ്രതിനിധാനം ചെയ്യപ്പെട്ട ക്രിസ്തുവിന്റെ പൂർണ്ണമനുഷ്യജീവൻ ആദാം നഷ്ടപ്പെടുത്തിയ ജീവനുതുല്യമായിരുന്നു. (1 പത്രോസ് 1:19)

ബൈബിൾ തത്വങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ വിവേചിക്കാനുള്ള പ്രാപ്തി ഉണ്ടാകുവാൻ വിശ്വാസികൾക്ക് കഴിയണം. ജീവിതത്തിൽ ഉണ്ടായേക്കാവുന്ന എല്ലാവിധ പ്രശ്നങ്ങൾക്കും ഒരു പരിധിവരെ രക്ഷനേടാൻ വചനങ്ങൾകൊണ്ട് കഴിയും. ബൈബിൾ തത്വങ്ങൾ മനസിലാക്കുന്നപക്ഷം മനസാക്ഷിക്ക് വിരുദ്ധമല്ലാത്തതും ദൈവസ്നേഹത്തിൽ നിലനിൽക്കാൻ നമ്മെ സഹായിക്കുന്നതുമായ ശരിയായ തീരുമാനങ്ങളെടുക്കാൻ നമുക്ക് സാധിക്കും.

മറ്റുള്ളവരെ ആദരിക്കുന്നതിൽ നാം ഒരിക്കലും പിശുക്കുകാണിക്കരുത്. തിരക്കേറിയ ജീവിതത്തിൽ എന്നും ഓർമ്മിക്കപ്പെടേണ്ട വരികളാണിത്. സകലതരം മനുഷ്യരെയും ബഹുമാനിക്കുക എന്ന് പത്രോസ് അപ്പൊസ്തലൻ എഴുതി. ഈ അന്ധകാരലോകത്തിൽ ആത്മാർത്ഥഹൃദയരായ ആളുകൾ ആത്മീയവെളിച്ചത്തിലേക്ക് ആകർഷിക്കപ്പെടുകതന്നെ ചെയ്യും. അവരുടെ പാതകൾ മുല്ലപ്പൂക്കൾ വിരിച്ചതുപോലെ ശോഭനമായിരിക്കും.

ഐശ്വര്യത്തിലേയ്ക്കുള്ള കണിയൊരുക്കുന്നതും ഈ മാസത്തിന്റെ പ്രത്യേകതയാണ്. കണിക്കൊന്ന പൂക്കുന്നകാലം. അമ്പാടിയിലെ ഉണ്ണിക്കണ്ണനെയാണ് കണിക്കൊന്നപ്പൂക്കളിലൂടെ കണികാണുന്നതെന്ന് വിശ്വാസം. നാട്ടുവഴികളിലൂടനീളം കഥകൾ പറയുന്ന കണിക്കൊന്നയുടെ കാലമാണിത്. ദൈവീകത്വവും അതിശക്തമായ ഔഷധവീര്യവും തുളുമ്പിനിൽക്കുന്ന കണിക്കൊന്ന കേരളസംസ്ഥാനത്തിന്റെ പുഷ്പമാണ്.

കൊന്നമരത്തിന്റെ ഔഷധവീര്യം പ്രസിദ്ധമാണ്. വേരും തൊലിയും ഇലയും തിക്തരസപ്രധാനവും കായ്ക്കുള്ളിലെ ഫലമജ്ജ മധുരരസപ്രധാനവുമാണ്. ഗുണത്തിൽ ഗുരുവും മൃദുവും സ്നിഗ്ദ്ധവുമായ കണിക്കൊന്ന വീര്യത്തിൽ ശീതവും വിപാകത്തിൽ മധുരരസവുമായിത്തീരും. എല്ലാവിധ ത്വക്രോഗങ്ങൾക്കും ഉത്തമമരുന്നാണെന്നാണ് ആയുർവ്വേദപക്ഷം. ശരീരതാപത്തെ ക്രമീകരിക്കാൻ കണിക്കൊന്നയ്ക്ക് കഴിവുണ്ട്. സുമേരു പർവ്വതത്തിന്റെ ഉത്തരദിക്കിലുള്ള കർണ്ണികാരവനത്തെക്കുറിച്ച് മഹാഭാരതത്തിൽ വർണ്ണിച്ചിട്ടുണ്ട്. ഷഡ്ഋതുക്കളും ഒരുമിച്ചു നൃത്തംചെയ്യുന്ന കർണ്ണികാരവനം ഒരു പുഷ്പോത്സവത്തിന്റെ പ്രതീതി ജനിപ്പിച്ചിരുന്നു.

ത്യാഗത്തിന്റെ വഴിയിൽ സമൃദ്ധിയുടെ പൂക്കൾവിരിയിക്കുന്നതാകട്ടെ ഇനിയുള്ള നാളുകൾ.

**സിജു ജേക്കബ്,**
ചീഫ് എഡിറ്റർ

# Nephritis

Kidney Health
NEW ZEALAND

Nephritis is a term used to describe a number of similar conditions, all of which have one thing in common - they result in inflammation of the kidneys.

Nephritis is a serious problem. Even the mild forms can become more aggressive in some circumstances or can cause high blood pressure many years down the track.

Although there are many different types of nephritis, most cause very few (if any) symptoms. Most people with nephritis feel perfectly well. Sometimes there may be unusual tiredness or lack of energy, swelling of the ankles or shortness of breath. Lack of symptoms is the reason why it is so hard for people with nephritis to realise that there is a problem at all.

Most people with nephritis will have at least one of the following problems, which are discovered by medical tests (such as blood, urine or blood pressure tests):

- Blood in the urine (haematuria)
- Protein in the urine (Proteinuria)
- Raised blood pressure (Hypertension)
- Reduced kidney function (renal impairment)

Unfortunately, nephritis may not be discovered until significant damage has resulted to the kidneys.

Most types of nephritis are caused by the body's own immune system attacking and damaging the kidney tissue, reducing its function and effectiveness

Nephritis is also the most common cause of kidney failure in Australia.

There are about twelve major types of nephritis, and a large number of less common condition. The many types of nephritis behave and are treated differently. Only by knowing the exact type of nephritis can a doctor determine the best course of treatment. Most form of nephritis are minor and require no treatment. These rarely lead to long- term kidney damage and can largely be ignored. For some of the more severe forms of nephritis, immunosuppressive drugs are used.

Whatever type of nephritis you have, even if it is mild, some form of follow-up will be required to ensure that kidney function and blood pressure can be monitored.

For more information please phone Kidney Health New Zealand's Information Line (free phone) 0800 KIDNEY / 0800 543 639
Edited by Fredric Doss, Haemodialysis, Educator, ACH
Ref. Patient Information sheet, Kidney Health New Zealand

# An Unrelenting Focus on Work

**Hon John Key**
Prime Minister

Welfare is a safety net for New Zealand families. It should support people when they are most in need, encourage them to get back to work, and act when they don't take responsibility for themselves and the people who depend on them.

But long-term welfare dependency imprisons beneficiaries in a life of limited income and limited choices.

That's why National campaigned on improving our benefit system. We believe that every New Zealander who can work should be working. We want a welfare system that is fair, that improves outcomes for beneficiaries, and supports economic growth.

With this in mind, the National-led Government has announced our Future Focus package for benefits, aimed at rebalancing obligations and support, and bringing an unrelenting focus on work.

Under Future Focus, we are introducing a number of new obligations.

There will be new part-time work obligations for people on the Domestic Purposes Benefit (DPB) with a youngest child aged over six, and for people on a Sickness Benefit who have been medically assessed as being able to work part-time. We are also introducing more gradu-ated sanctions for people who don't comply with their work obligations.

We are changing the Unemployment Benefit so that after 12 months, a recipient must reapply. And we're introducing more rigorous reassess-ments for Sickness Beneficiaries to get people back to work as soon as they are able.

Future Focus also provides more support for those who need it.

We are boosting childcare options for sole parents by expanding out-of-school support for children aged 5-13, and providing more training support for sole parents on the DPB.

We will pass legislation to ensure benefits rise in line with inflation.

And recipients of the DPB and Invalids Benefit will be able to earn $100 a week instead of $80 before their benefits are affected. This will provide incentives to work part-time and gain work skills.

We are also setting up a Welfare Working Group. This will be made up of social policy experts and community represe-ntatives, and will advise the Government on ways to reduce long-term welfare dependency.

Our Future Focus package can make a big difference. If we can help into work just 5 per cent of sole parents with a youngest child aged over six this would save almost $200 million over a decade.

National is committed to our welfare system. Future Focus will help ensure that welfare is a safety net for families, assists people to get back to work, and provides a brighter future for beneficiaries – and all New Zealanders.

# National Standards deliver for parents and children

***Hon Anne Tolley**, Minister of Education*

Parents have the right to know exactly how their children are doing at school, which is why this is such an exciting year.

As term one begins, I think it's safe to say we are about to experience the biggest, and most positive change in twenty years in our education system.

For the first time ever, primary and intermediate schools must report to parents in plain language at least twice a year on their child's progress in reading, writing and maths, and suggest ways in which parents and teachers can help our youngest students improve.

National Standards will be great for children, parents and the schools themselves, and we've received lots of great feedback.

For example, a survey in the New Zealand Herald last week showed that 73 per cent of parents are in favour of National Standards. I'm confident that more and more parents will be supportive once they have all the facts.

I know parents in our Indian communities want their children to get a quality education and have the opportunity to reach their full potential. National Standards will lift achievement levels for all children.

It means that incom-prehensible report cards which say a child is a delight to have in class, but tell you nothing about how he or she is achieving or progressing in the basic skills they need, should be a thing of the past.

Plunket-style graphs will, at a glance, give parents the information we know they want.

It's as simple as that. These National Standards, or benchmarks, set out what a child should be achieving in reading, writing and maths and by when, across all the different assessment tools schools currently use. It's not a new test.

Monitoring a child's progress against the Standards will help teachers and parents identify which children need extra help, and the Government has made an additional $36 million available over four years to support these students, as well as ensure Boards of Trustees know where extra resources should be spent.

Parents across New Zealand recently received a letter from the Prime Minister and further information on the Standards. I urge everyone who is interested in their child's education to take a closer look.

National Standards are needed because we have a major problem in this country. One in five students leave school without the basic skills they need in reading, writing and maths to succeed in the modern world.

The social and economic effects this has on the estimated 150,000 young people currently being allowed to fail, and the country, are huge.

There is no time for delay. We've talked about it for over ten years. We need to act now. The vast majority of schools are quietly getting on with the task of imple-menting the Standards.

This year will be a bedding-in year. There will be an independent moni-toring and evaluation programme running along side the Standards over the next three years. Any changes that need to be made will happen. We need to get this right.

We've also made sure teachers have the extra help they requested to implement the Standards. Ministry funding of $26 million will go towards professional development for boards, principals and teachers.

So the National Standards are ready, the funding is in place and the world is watching. We all now need to step up and do the very best we can for all our children. What we do this year can ensure they will have a happy and successful future.

# Maintaining our positive Race Relations

**Hon Pansy Wong**
*Minister for Ethnic Affairs*

Last week we celebrated Race Relations Day which saw communities come together for events throughout New Zealand – from the far North to the Far South.

And while Race Relations Day officially takes place on March 21, in New Zealand we had more than a week of events and celebrations as towns and cities embraced our multi-ethnic society.

Ours is a nation that has a strong international reputation of having social harmony among our many ethnic, religious and cultural communities. In fact, last year, the Economist Magazine declared New Zealand to be the most peaceful nation in the world.

This is a reputation that we take very seriously and one that as Minister for Ethnic Affairs I am determined to maintain and nurture as we continue to step up in terms of embracing and utilising our ethnic communities.

A recent Race Relations report on a survey of perception found that people surveyed found that Asians are the most discriminated against group in New Zealand. The report also revealed an increase in reports of discriminatory behaviour.

However, the increase in reporting discrimination also means that more people are stepping up and speaking out against discrimination in our country – which is a strong sign that victims do not subscribe to the suffer in silence norm of the past.

Social harmony isn't something that always happens naturally and it is something that we need to work on. While racism does exist in New Zealand – as it does everywhere – it is not swept under the carpet because we are a country that is increasingly showing that it won't be tolerated.

Hence the Office of Ethnic Affairs' three priorities aim to ensure that social harmony will persist.

The first priority is maximising Ethnic business people's trans-national networks and cultural skills for domestic economic gains and already this year, the Office has held two business forums to connect Ethnic business leaders with the wider business community.

The second priority is empowering Ethnic communities through increased government respon-siveness – which has seen the Office organise workshops on law and order and the select committee process, administer Language Line and providing an inter-cultural progra-mme for employers to promote employment opportunities for Ethnic New Zealanders.

The third priority is maintaining New Zealand's reputation as a successful model through celebrating our multi-ethnic and multi-faith society, which has seen the Office host a number of cultural celebrations – including a Race Relations Day event that brought together people from a number of different ethnicities.

We are a country that proves that people from all ethnic, religious and cultural backgrounds can stand shoulder to shoulder as confident, equal and proud citizens.

Events like the Chinese Lantern Festival and Diwali attract huge crowds across cultural divides and show that New Zealanders of all ethnicities are able to come together to celebrate our diversity.

Maintaining social harmony and good race relations is like a garden growing over four seasons – it's how much you put in through the tough times that ensure blossoming when spring comes.

The key to a beautiful garden is commitment and dedication as you nurture and care for the plants to ensure they are able to grow strong and blossom brightly.

I am optimistic because here in New Zealand we have plenty of gardeners, each caring for patches across the country, which is essential to our country's growth.

If everyone stood aside and did nothing, the garden would be a wasteland.

By continuing to work with and care for each other, we can ensure that New Zealand continues to blossom brightly.

# ONCOLOGISTS CRITICISE TOBACCO INDUSTRY



Dr George Laking and Dr Rita Sasidharan, Medical Oncolo gists of Auckland, were at the hearing of the Māori Affairs Select Committee Inquiry into Tobacco and the Health of Māori.

They told the Committee that smoking is the main cause of lung cancer, which accounts for 5% of all deaths in New Zealand, and 20% of all cancer-related deaths. Compared to non-Māori, lung cancer incidence and mortality are 2 to 3 times higher among Māori men, and 3 to 4 times higher among Māori women.

Smoking also causes cancers of the head and neck, oesophagus (gullet), and pancreas, and other major medical problems like heart and lung disease. These important causes of premature illness, incapacity, and death can be prevented by not smoking. Many of Dr Laking and Sasidharan's patients have fatal cancers caused by smoking and most of these regret having smoked.

The doctors rebutted arguments made in a separate submission from British American Tobacco (BAT), that BAT merely sells their products to people of adult age who choose to smoke. The large majority of smokers become addicted to commercial tobacco products before the age of 18. BAT's attempt to hide behind a veil of not selling to taitamariki (young people) is no more than a charade.

The doctors deplored BAT's idea that commercial cigarette sales were needed to prevent growth of a black market. They said the tobacco industry must not be allowed to hold New Zealanders' health to ransom on an issue that is properly the domain of the NZ Police and Customs.

The doctors are strongly in favour of measures to bring the smoking epidemic to an early end in Aotearoa New Zealand. While the Smoke-Free Environments Act 1990 was a good start, in recent years progress has slowed.

They recommended a range of actions across several fronts:

- Increased help for smokers to quit (e.g. counselling, medications)
- A ban on tobacco retail displays.
- Steeply increasing taxation of tobacco products, aiming at $5 a cigarette.
- Support for whānau of smokers to help them quit.
- Adoption of the international Framework Convention on Tobacco Control.
- Consider restriction of tobacco sales to licensed addicts only

The doctors say that if legislation could stop the tobacco epidemic, this would be the greatest public health advance the country has seen in more than 50 years. For such legislation to succeed will require strong commitment across all fronts. Piecemeal efforts risk being picked off and undermined.

These views of Drs Laking and Sasidharan are supported by their colleagues.

# Kanwaljit Singh Bakshi MP selects Youth MP


Akash


Monisha


Sunil Sharma

National MP Kanwal Bakshi has selected Papatoetoe resident, Akash Rampal as his Youth MP. Akash attended Papatoetoe High School, and is now studying for a Bachelor of Engineering at the University of Auckland.

Akash will take up Bakshi's seat when Youth Parliament sits on July 6 and 7, 2010. "Akash is an outstanding candidate who is confident, ambitious, and extremely bright. He is interested in environmental issues and has a splendid list of achievements for a young man his age. He will bring many talents to his role as my Youth MP." Mr Bakshi says.

Two of Mr Bakshi's colleagues have also picked Youth MP's of Indian origin. Waitakere MP and Cabinet Minister Hon Paula Bennett has chosen Waitakere resident Sunil Sharma as her Youth MP. "I had the pleasure of interviewing Sunil as he had also applied to be my Youth MP and I know that Paula has picked a great candidate to represent her." Mr Bakshi says. Maungakiekie MP Peseta Sam Lotu-Iiga has chosen Onehunga High School student Monisha Singh. "Monisha is a bright young girl and I am sure she will represent Sam and Maungakiekie well." Mr Bakshi says.

Youth Parliament 2010 is an opportunity for young New Zealanders (16–18 years) to learn about New Zealand's democratic process and participate in public decision-making. During Youth Parliament, Youth MPs debate legislation, sit on select committees and ask parliamentary questions of Cabinet Ministers.

Meanwhile, their Youth Press Gallery colleagues report on their activities and make sure they are held accountable to the public. In May 2010, the Minister of Youth Affairs, Hon Paula Bennett, will announce the Youth Parliament 2010 Bill to be considered. Contact: Ash Kaur 09 278 9302 ash.kaur@parliament.govt.nz

# ഓക്‌ലന്റ് മലയാളി സമാജം
# സ്റ്റാർ നൈറ്റ് 2010

## ചിരിയുടെ മാലപ്പടക്കവുമായി...

**ശശി നമ്പീശൻ,** *പ്രസിഡന്റ്*

ന്യൂസിലന്റിലെ മലയാളികൾക്ക് ചിരിയുടെയും ചിന്തയുടെയും ഒരു അസുലഭ സായാഹ്നം കാഴ്ചവെയ്ക്കുവാനായി ചിരിയുടെ സാമ്രാട്ട് ജഗതി ശ്രീകുമാറും സംഘവും മെയ് ഒന്നിന് ഓക്‌ലന്റിലെ ബ്രൂസ് മേസൺ സെന്ററിൽ (ടാക്കപ്പുന) എത്തുന്നു.

ഓക്‌ലന്റ് മലയാളി സമാജം 2009 - 2010 ൽ സംഘടിപ്പിച്ച വിവിധപരിപാടികളിൽ എന്നെന്നും ഓർമ്മയിൽ കുറിച്ചുവയ്ക്കാവുന്ന ഒരു പരിപാടിയായിരിക്കും മെയ് ഒന്നിന് നടക്കുന്ന 'സ്റ്റാർനൈറ്റ് 2010' എന്ന് എനിയ്ക്ക് ഉറപ്പുണ്ട്.

ചിരിയുടെയും ഫലിതത്തിന്റെയും മാറ്റ് കൂട്ടുവാനായി മലയാളസിനിമയിൽ തന്റേതായ സ്ഥാനം ഉറപ്പിച്ച ബഹുമുഖകഴിവുകളുടെ ഉടമ കല്പനയും കോമഡി സിനിമകളുടെ അവിഭാജ്യഘടകവും വസ്ത്രാലങ്കാരത്തിൽ നിപുണനുമായ ഇന്ദ്രൻസും മിമിക്രി താരം ടിനിടോമും ജഗതിയോടൊപ്പമുണ്ട്.

പ്രശസ്ത പിന്നണിഗായകൻ വിധുപ്രതാപും അദ്ദേഹത്തിന്റെ സഹധർമ്മിണിയും പ്രശസ്ത നർത്തകിയും, മലയാളം ടിവി പ്രേഷകർക്ക് 'അടുക്കള' എന്ന പരിപാടിയിലൂടെ സുപരിചിതയുമായ ദീപ്തിയും സ്റ്റാർനൈറ്റിന് കൊഴുപ്പേകാനെത്തുന്നുണ്ട്.

അന്തർദ്ദേശിയ സംഗീതപരിപാടികളും നാടകങ്ങളും നടത്തപ്പെടാറുള്ള ബ്രൂസ് മേസൺ സെന്ററിൽ ആദ്യമായാണ് ഒരു മലയാളം പരിപാടി സംഘടിപ്പിക്കുന്നത്. ശാസ്ത്രീയമായി രൂപകല്പന ചെയ്തിരിക്കുന്ന ബ്രൂസ് മേസൺ സെന്ററിലെ പരിപാടി മലയാളികൾക്ക് ഒരു പ്രത്യേക അനുഭവമായിരിക്കും.

മറ്റ് ആഡിറ്റോറിയങ്ങളെ അപേക്ഷിച്ച് ഉയർന്ന വാടകയാണ് ബ്രൂസ് മേസൺ സെന്ററിനു നൽകേണ്ടത്. എന്നിരുന്നാലും സാമ്പത്തികമാന്ദ്യവും എല്ലാവർക്കും കുടുംബസമേതം പങ്കെടുക്കുവാനുമുള്ള അവസരം ഒരുക്കുന്നതിനായി ടിക്കറ്റ് നിരക്കുകൾ വളരെ മിതമായി \$50, \$25, \$15 എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

2009 ഏപ്രിലിൽ സ്ഥാനമേറ്റശേഷം പ്രായവ്യത്യാസമന്യേ എല്ലാവരുടേയും അഭിരുചിക്കനുയോജ്യമായി വിവിധ കലാകായിക പരിപാടികൾ സംഘടിപ്പിക്കാൻ സമാജം കമ്മിറ്റിക്ക് കഴിഞ്ഞു എന്നത് വളരെയേറെ ചാരിതാർത്ഥ്യജനകമാണ്.

ജൂൺ 6 ന് മാതാപിതാക്കൾക്കായി ഒരുക്കിയ മാതാപിതാവന്ദനത്തോടെ ഈ വർഷത്തെ പരിപാടികൾക്ക് തുടക്കം കുറിച്ചു. അതിനുശേഷം ഓക്‌ലന്റ് മലയാളി സമാജത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ

*ശേഷം ആറാം പേജിൽ*

## സഹായഹസ്തവുമായി...

**എബി ജോസഫ്**
*ജോയിന്റ് സെക്രട്ടറി*

ഓക്‌ലന്റ് മലയാളി സമാജം ജീവകാരുണ്യ പ്രവർത്തനത്തിൽ ഒരു പുതിയ അദ്ധ്യായം കുറിക്കുന്നു. 'സഹായഹസ്തം' എന്ന പരിപാടിയിലൂടെ സമാരംഭിച്ച സേവനസന്നദ്ധത, സമാജത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് ഒരു പുതിയ മുഖം നൽകി. സഹൃദയരായ മലയാളി സഹോദരങ്ങളുടെ നിർലോഭമായ സഹായങ്ങളുടെ ഫലമായി പ്രതിസന്ധിയിലായ പലകുടുംബങ്ങൾക്കും കൈത്താങ്ങാവാൻ സമാജത്തിന് കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു.

ഈ സത്സംരംഭത്തിന്റെ ധനശേഖരണാർത്ഥം ഈ വർഷം സമാജം അവതരിപ്പിക്കുന്ന വിനോദപരിപാടിയാണ് 'സ്റ്റാർനൈറ്റ് 2010.' സമാജത്തിന്റെ ഇന്നോളമുള്ള ചരിത്രം പരിശോധിച്ചാൽ കച്ചവടമനഃസ്ഥിതിയോടെ ഒരു സംരംഭതത്തിലും സമാജം ഏർപ്പെട്ടിട്ടില്ല എന്ന് ഏവർക്കും ബോധ്യമാകും. ഈ സദുദ്ദേശ്യം മനസ്സിലാക്കിയാണ് സുമനസ്സുകൾ സമാജത്തിന്റെ എല്ലാ പരിപാടികളും വിജയിപ്പിച്ചിട്ടുള്ളത്. നിലവാരമുള്ള പരിപാടികൾ അവതരിപ്പിച്ച്, മുടക്കുന്ന തുകയ്ക്ക് പരമാവധി മൂല്യം പ്രേക്ഷകർക്ക് ലഭ്യമാക്കുക എന്നത് സമാജത്തിന്റെ മുഖ്യപരിഗണനയാണ്. കലാമൂല്യമുള്ള ഈ പരിപാടികൾക്ക് സാക്ഷ്യം വഹിക്കുക എന്നതിനൊപ്പം സഹജീവികളുടെ നിസഹായവസ്ഥയിൽ അവരോട് അനുരൂപപ്പെടാനും സാദ്ധ്യമായ സഹായഹസ്തം നീട്ടാനും 'സ്റ്റാർ നൈറ്റ് 2010' നമുക്ക് അവസരം നൽകുന്നു. മുൻകാലങ്ങളിൽ നിങ്ങൾ നല്കിയ പിന്തുണയിലൂടെ ലഭിച്ച ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് മനുഷ്യസേവനാർത്ഥം പുതിയ കർമ്മപരിപാടികൾക്ക് രൂപം നൽകുവാൻ സമാജം പ്രതിജ്ഞാബദ്ധമാണ്. സ്റ്റാർനൈറ്റ് 2010 മലയാളിമനസുകൾക്ക് കുളിർമയുള്ള ഓർമ്മയായി എന്നും നിലനിൽക്കുവാൻ നിങ്ങളേവരുടേയും സജീവ പിന്തുണയുണ്ടാകുമെന്ന നിറഞ്ഞ പ്രതീക്ഷയോടെ,

## ഓക്‌ലന്റ് - ഉത്സവങ്ങളുടെ തീരം

**ജോമിച്ചൻ,** *സെക്രട്ടറി*

അറേബ്യൻ മണലാരണ്യങ്ങളിൽ അറബിപ്പൊന്ന് കൊയ്ത് ജീവിതം കെട്ടിപ്പടുക്കാൻ നെട്ടോട്ടമോടുന്ന മലയാളികളുടെ വിരഹത്തിനും വിരസതയ്ക്കും സംഗീതത്തിന്റെയും ചിരിയുടെയും മേളപ്പെരുമഴ പെയ്യിക്കുന്ന 'ഗൾഫ് സ്റ്റാർ നൈറ്റ്' അരങ്ങേറാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകൾ പലതു കഴിഞ്ഞു. ജീവിതമാർഗം തേടിയുള്ള മലയാളിയുടെ യാത്ര ഗൾഫ്നാടും യൂറോപ്പും അമേരിക്കയും കടന്ന് ഇന്ന് ന്യൂസിലന്റിലേയ്ക്കും മറ്റു രാജ്യങ്ങളിലേയ്ക്കും തുടരുന്നു. മലയാളികൾ എവിടെയുണ്ടോ അവിടെയെല്ലാം ഗൃഹാതുരതയുടെ നനുത്ത തലോടലുകളായി ഓണവും വിഷുവും കലാമേളകളും അരങ്ങേറുന്നു.

ഓഷ്യാനിയയിലെ ഏറ്റവും വലിയ മലയാളി കൂട്ടായ്മയായ ഓക്‌ലന്റ് മലയാളിസമാജം ഒരുക്കുന്ന സ്റ്റാർ നൈറ്റ് 2010-ന് പ്രത്യേകതകൾ ഏറെയുണ്ട്. മലയാളി സമാജങ്ങളോടുള്ള പ്രതിബദ്ധത ഉൾക്കൊണ്ട് 'സഹായഹസ്തം' എന്ന പേരിൽ ഒരു ഫണ്ട് കഴിഞ്ഞ വർഷം മനേഷ് ജോസഫും ഞാനും അടങ്ങുന്ന കമ്മറ്റിയുടെ നേതൃത്വത്തിൽ രൂപീകരിച്ചു. എക്കാലവും മലയാളികളുടെ വീഴ്ചയിലും വിഷമഘട്ടങ്ങളിലും താങ്ങും തണലുമായി നിന്നിട്ടുള്ള സമാജം അതിലെ അംഗങ്ങൾ പ്രതിസന്ധിയിൽ നട്ടം തിരിയുമ്പോൾ കരുണയുടെ സഹായഹസ്തവുമായി അവരെ സഹായിക്കുന്നതിനുവേണ്ടിയാണ് ഈ ഫണ്ട് ഉപയോഗിക്കുന്നത്.

വിനീത് ശ്രീനിവാസൻ പാടി ധന്യമാക്കിയ ഒരു ഏപ്രിൽമാസരാത്രിയുടെ സുഖവും സുഗന്ധവും വിട്ടകലും മുമ്പേ ചിരിയുടെയും പാട്ടിന്റെയും താളപ്പെരുമഴ പെയ്യിച്ച് മലയാളികൾക്കു മുന്നിൽ ഉത്സവക്കാഴ്ച തീർക്കാൻ ജഗതിയും കൽപനയും ഇന്ദ്രൻസും ടിനിടോമും വിധുപ്രതാപും ദീപ്തിയും ഒരുങ്ങുകയാണ്. സ്റ്റാർനൈറ്റ് 2010-ന് ദിവസങ്ങൾമാത്രം ബാക്കിനിൽക്കേ ഓക്ക്‌ലന്റ് മലയാളികളുടെ പ്രതീഷകൾ വാനോളം ഉയരുകയാണ്. നമുക്ക് കാത്തിരിക്കാം. മെയ്മാസം ഒന്നാം തീയതിയുടെ രാത്രിക്കായി.

## കൈത്താങ്ങായി സമാജം

**ശ്രീകുമാർ, കൺവീനർ**

ജനപിന്തുണയോടെ ഓക്‌ലന്റ് മലയാളി സമാജം അവതരിപ്പിക്കുന്ന ജഗതി സ്റ്റാർനൈറ്റ് മെയ്മാസം ഒന്നാംതീയതി നോർത്ത് ഷോറിലുള്ള ബ്രൂസ് മേസൺ സെന്ററിൽ വെകുന്നേരം ആറ് മണിക്ക് അരങ്ങേറുമ്പോൾ ഓക്‌ലന്റിലെ മലയാളി സുഹൃത്തിന് സമാജത്തിനോട് രണ്ട് ചോദ്യങ്ങൾ ചോദിക്കാം?

ഒന്ന് -ഇത്രയും കാശും സമയവും ചിലവാക്കി ഇത്തരുണത്തിൽ ഒരു പരിപാടി എന്തിനവതരിപ്പിക്കുന്നു?

രണ്ട് - എന്താണ് ഇതുകൊണ്ട് മലയാളി സമാജത്തിനുള്ള നേട്ടം?

ഉത്തരം പറയുന്നതിന് മുമ്പ് ചില കാര്യങ്ങൾ- ഒരു മെഗാഷോ എന്നത് ഒരു ദശാബ്ദത്തിലേറെയായി മലയാളികൾക്കുവേണ്ടി നിലകൊണ്ട് പത്തരമാറ്റ് തെളിയിച്ച മലയാളി സമാജത്തിന്റെ ഒരു പ്രവർത്തനവർഷത്തെ സ്ഥിരം സമ്പ്രദായമായിമാറിയിരിക്കുകയാണ്. ചിരിയുടെ സർവകാലപര്യായങ്ങളിൽ ഒന്നായ ജഗതിയെയും കൂട്ടരെയും സ്വീകരിക്കാൻ മലയാളി സമൂഹം ഒന്നടങ്കം തയ്യാറായിക്കഴിഞ്ഞു. നമ്മൾ പത്തുവർഷം മുൻപ് സമാജം തുടങ്ങുമ്പോഴുണ്ടായിരുന്ന മലയാളി കൂട്ടായ്മയല്ല ഇന്നുള്ളത്. മലയാളികളുടെ എണ്ണം വർദ്ധിക്കുമ്പോൾ ആവശ്യങ്ങളും ഒപ്പം തന്നെ അനിഷ്ടസംഭവങ്ങളും നമുക്ക് നേരിടേണ്ടി വരും. ആ ആവശ്യങ്ങളെ നിറവറ്റാനുള്ള സംരംഭമാണ് 'സമാജം സഹായഹസ്തം' ഫണ്ടിന് രൂപം നൽകിയത്. ആവശ്യക്കാർക്ക് സമാജത്തിന്റെ ഒരുകൈത്താങ്ങ് നൽകാൻ വേണ്ടി സംഭരിച്ചുവെച്ചിട്ടുള്ള ഈ തുക ആവശ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കമ്മറ്റിയംഗങ്ങളുടെയും സമൂഹത്തിന്റെയും തീരുമാനപ്രകാരം ആവശ്യക്കാരന് നൽകുന്നു. അടുത്ത പ്രവർത്തനവർഷം മുതൽ ഈ തുകയുടെ ക്രയവിക്രയങ്ങൾ നിർണ്ണയിക്കുന്നതിനായുള്ള ഒരു ട്രസ്റ്റ് രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളിലായി സമൂഹത്തിലുണ്ടായ നിർഭാഗ്യകരമായ സംഭവങ്ങൾക്ക് സമാജത്തിന്റെ ഹസ്താവലംഭം ലഭ്യമായത് മലയാളികൾ നന്ദിപൂർവ്വം സ്മരിക്കുന്നുണ്ടെങ്കിൽ അതിന് സാധിച്ചത് മലയാളികളുടെ നല്ല മനസ്സ് ഒന്നുകൊണ്ടുമാത്രമാണ്. ഈ തുക ഇനിയും വർദ്ധിക്കേണ്ടിയിരിക്കുന്നു. എന്നുമാത്രമല്ല മലയാളികളുടെ അടിയന്തിരഘട്ടങ്ങൾ കാലതാമസം കൂടാതെ നിറവേറേണ്ടിയുമിരിക്കുന്നു. ഇതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു വലിയ സംരംഭമായി സമാജം മുന്നോട്ട് പോകുന്നത്. വളരെ

*ശേഷം ആറാം പേജിൽ*

## താരനിശയിലെ താരങ്ങളിലേയ്ക്ക്

**റോയി പള്ളിമാലിൽ**
*എക്സിക്യൂട്ടീവ് കമ്മറ്റിഅംഗം*

പ്രവാസിമലയാളികൾ സാംസ്കാരികതനിമയിലേയ്ക്ക് വീണ്ടും മനസ് തുറക്കുന്നു. വിദ്യാസമ്പന്നരും വിജിഗീഷുക്കളുമായ മലയാളികൾ ന്യൂസിലന്റിലെ പ്രവാസ ജീവിതത്തിനിടയിലും കേരളത്തിന്റെ പുരാതനവും സനാതനവുമായ സംസ്ക്കാരം വിസ്മരിക്കുന്നില്ല. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആഹ്ലാദിക്കാനും പരസ്പരം അംഗീകാരിക്കാനും ഓക്‌ലന്റ് മലയാളി സമാജം എന്ന കൊച്ചു കേരളം നമ്മൾ ന്യൂസിലന്റിൽ പടുത്തുയർത്തി.

ലോകത്തെവിടെയാണെങ്കിലും കലയുടെ ദീപപ്രകാശത്തിലേയ്ക്ക് പറന്നെത്തുന്നവരാണ് മലയാളികൾ എന്നതിന്റെ തെളിവാണ് മലയാളി സമാജത്തിന്റെ കഴിഞ്ഞവർഷത്തെ പ്രഥമ കോമഡിഷോയായ 'ഇന്നസെന്റ് കോമഡിഷോ'. അതിനു നേതൃത്വം കൊടുത്ത മനേഷ് ജോസഫും കമ്മറ്റിയും പ്രശംസ അർഹിക്കുന്നു. ശശീനമ്പീശൻ പ്രസിഡന്റായ മലയാളി സമാജം അഭിമാനകരമായ ആത്മവീര്യത്തോടെ ഈ വർഷവും ഹാസ്യനടന്മാരുടെ രാജാവ് എന്നു വിശേഷിപ്പിക്കാവുന്ന ജഗതി ശ്രീകുമാറിന്റെ നേതൃത്വത്തിലുള്ള 2010 താരസന്ധ്യ ഒരുക്കിയിരിക്കുകയാണ്. മലയാളികൾ ദീർഘവും ദീപ്തിപൂർണവുമായ ഐക്യം നിലനിർത്തിക്കൊണ്ട് എല്ലാ വർഷവും പുതിയസംരംഭങ്ങൾ കൊണ്ടുവരികയും പുരോഗതിയുടെ വിഹായസ്സിലേയ്ക്ക് മലയാളി അസോസിയേഷൻ പറന്നുയരുകയും ചെയ്യട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

### ജഗതി ശ്രീകുമാർ

നർമ്മരസത്തിന്റെ ചിറകിലേറ്റി ആനന്ദത്തിന്റെ അനന്തചക്രവാളത്തിലേയ്ക്ക് മനുഷ്യമനസുകളെ ആവാഹിച്ചു കൊണ്ടുപോകാനുള്ള ജഗതിശ്രീകുമാറിന്റെ മാന്ത്രികസിദ്ധി സാധാരണക്കാരുടെ ഭാവനാലോകത്തിനും അപ്പുറമാണ്. ജഗതിയുടെ കഥാപാത്രങ്ങൾ മജ്ജയും മാംസവും ഉള്ള ജീവിക്കുന്ന കഥാപാത്രങ്ങളാണ്. They belongs to the world of flesh and blood; we love or hate them as we love or hate those who around us.

മലയാളസിനിമയുടെ ചരിത്രത്തിലെ ഏറ്റവും നല്ല ഹാസ്യനടനാണ് ജഗതിശ്രീകുമാർ. 1951 ജനുവരി 5-ന് തിരുവനന്തപുരത്ത് പ്രശസ്ത എഴുത്തുകാരനായ ജഗതി എൻ. കെ. ആചാരിയുടെ മകനായി ജനിച്ചു. തിരുവനന്തപുരം മോഡൽ സ്കൂളിൽ 5-ാം ക്ലാസ് വിദ്യാർത്ഥി ആയിരിക്കുമ്പോൾ മുതൽ അഭിനയം ആരംഭിച്ചു. ഉന്നതപഠനം തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിൽ ഉറ്റ സുഹൃത്തും ഇപ്പോൾ മന്ത്രിയുമായ ടി.എം. ജേക്കബിനെ പരാജയപ്പെടുത്തി ആർട്സ് ക്ലബ് സെക്രട്ടറിയായി. പഠനത്തിനുശേഷം മെഡിക്കൽ റെപ്രസന്റേറ്റീവായി മദ്രാസിൽ ജോലി ചെയ്യുമ്പോൾ 'ചട്ടമ്പി ക്കല്യാണി' എന്ന സിനിമയിൽ അഭിനയിച്ചുകൊണ്ട് തന്റെ സിനിമാലോകത്തെ അശ്വമേധത്തിനു തുടക്കം കുറിച്ചു.

നിരവധി അവാർഡുകൾ നേടിയ ഈ താരരാജാവ് 1070 സിനിമകളിൽ അഭിനയിച്ചുകൊണ്ട് ലോകറെക്കോഡ് തിരുത്തിയ മഹാനടനാണ്. മലയാളത്തിലല്ലാതെ മറ്റൊരു ഭാഷയിലും ഇതുവരെ അഭിനയിച്ചിട്ടില്ലാത്ത ഈ നടൻ മൊബൈൽഫോൺ ഉപയോഗിക്കാറില്ല. സഹായികളോ സെക്രട്ടറിമാരോ ഇല്ലാത്ത ജഗതി ഇപ്പോഴും സ്വാതന്ത്ര്യസമരസേനാനിയും നാടകാചാര്യനുമായ തന്റെ പിതാവിന്റെ പഴയ കാറാണ് ഉപയോഗിക്കുന്നത്. അമ്പിളി എന്ന ഒരു പേരുകൂടിയുള്ള ജഗതിയുടെ ഭാര്യ ശോഭയാണ്. മൂന്നുമക്കളുണ്ട്. രാജ്കുമാർ, പാർവ്വതി, ശ്രീലക്ഷ്മി.

മലയാളികളുടെ അതുല്യനടൻ ജതിശ്രീകുമാറിന് നാലു തവണ കേരളസംസ്ഥാന ഫിലിം അവാർഡ് സമ്മാനിച്ചിട്ടുണ്ട്.

### കല്പന


"The comedy queen of Malayalam Cinema'' എന്ന ബഹുമതിയുള്ള കല്പന ജനിച്ചത് 1965 ഒക്ടോബർ 5 നാണ്. പ്രശസ്ത നടികളായ ഉർവശിയും കലാരഞ്ജിനിയും കല്പനയുടെ സഹോദരിമാരാണ്. സംവിധായകനായ അനിലിന്റെ ഭാര്യയായ ഈ ഹാസ്യനടി സുപ്രധാന റോളുകളിൽ അഭിനയിക്കുമ്പോഴും തന്റെ സ്വതസിദ്ധമായ നർമ്മഭാവം വിടാറില്ല. റിയാലിറ്റിഷോകളിൽ പ്രത്യക്ഷപ്പെടാറുള്ള കല്പന പ്രശസ്ത പോപ്പ് ഗായിക ഉഷാഉതുപ്പിനൊപ്പം ഒരു സംഗീത ആൽബം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 'ഞാൻ കല്പന' എന്നപേരിൽ ഒരു പുസ്തകം എഴുതിയിട്ടുള്ള കല്പന 1983 മുതൽ സിനിമ ലോകത്തിലെ ഹാസ്യറാണിയാണ്.

*ശേഷം ആറാം പേജിൽ*

### ഓക്‌ലന്റ് മലയാളി സമാജം - കമ്മിറ്റിയംഗങ്ങൾ


**ശശി നമ്പീശൻ**
പ്രസിഡന്റ്


**പി. ശ്രീകുമാർ**
കൺവീനർ


**ജോമിച്ചൻ**
സെക്രട്ടറി


**പ്രിയ കോര**
വൈസ് പ്രസിഡന്റ്


**എബി ജോസഫ്**
ജോ. സെക്രട്ടറി


**പ്രൊഫ. വേണുഗോപാലൻ നായർ** ട്രഷറർ


**റോയി പള്ളിമാലിൽ**


**റോയി വർഗീസ്**


**റോയി ഫ്രാൻസിസ്**

എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ








## സിനിമ

### വിജയ് യേശുദാസ് വെള്ളിത്തിരയിൽ



വിജയ് യേശുദാസ് ആദ്യമായി വെള്ളിത്തിരയിലെത്തുന്ന 'അവൻ' എന്ന സിനിമയുടെ ഷൂട്ടിങ് തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ബാലയാണ് നായകൻ, നായിക മുക്ത. യുഗപുരുഷനുശേഷം തലൈവാസൽ വിജയ് മലയാളത്തിൽ അഭിനയിക്കുന്ന സിനിമയാണ് അവൻ. സംവിധാനം: നന്ദകുമാർ കാവിൽ, നിർമ്മാണം: എം.ജി. സൂര്യനാരായണൻ. കഥ, തിരക്കഥ, സംഭാഷണം: സുമോദ് – ഗോപു, ഗാനരചന: ഒ.എസ്. ഉണ്ണികൃഷ്ണൻ, സംഗീതം: രാജാമണി, രമേഷ് നാരായണൻ, അനിൽ ഗോപാലൻ. മറ്റ് അഭിനേതാക്കൾ: ജഗദീഷ്, വിജയരാഘവൻ, ദേവൻ, റിസബാവ, മേഘനാഥൻ, ഇന്ദ്രൻസ്, കോട്ടയം നസീർ, വിജയൻ കാരന്തൂർ, രമാദേവി, ബിന്ദു നേമം. കുറ്റവാളികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംഗീതറിയാലിറ്റി ഷോയുടെ പശ്ചാത്തലത്തിലൊരുക്കുന്ന സിനിമയിൽ ഏഴുഗാനങ്ങളുണ്ട്.

### ഡിംപിൾ കപാഡിയ മലയാളത്തിൽ ചിത്രം 'ബോംബെ മിഠായി'



നവാഗതനായ ഉമ്മർ കരിക്കാട് സംവിധാനം ചെയ്യുന്ന 'ബോംബെ മിഠായി' ഗുരുവായൂരിൽ ചിത്രീകരണം ആരംഭിച്ചു. ഐ.എം.എം. ഫിലിംസിന്റെ ബാനറിൽ യു. പ്രദീപും, രാജേഷ് മലാക്കായും ചേർന്ന് നിർമ്മിക്കുന്ന ചിത്രത്തിൽ വിനുമോഹനും ഹരിശ്രീ അശോകനും പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ശ്രീലങ്കക്കാരി നീലാംബരി പെരുമാൾ നായികയാവുന്ന ചിത്രത്തിൽ ഡിംപിൾ കപാഡിയ ശ്രദ്ധേയമായ കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ജഗതി ശ്രീകുമാർ, സുരാജ് വെഞ്ഞാറമൂട്, സലിംകുമാർ, കലാശാല ബാബു, കോട്ടയം നസീർ, ഭീമൻ രഘു, നാരായണൻ കുട്ടി, മാമുക്കോയ, കൊച്ചുപ്രേമൻ, ശിവജി ഗുരുവായൂർ, കലാരഞ്ജിനി, ഷർമിള, ദർശന തുടങ്ങിയവരാണ് മറ്റ് താരങ്ങൾ. തിരക്കഥ -നിസ്സാം റാവുത്തർ, ഛായാഗ്രഹണം – ലോകനാഥൻ.

## ചിരിയുടെ മാലപ്പടക്കവുമായി...

*അഞ്ചാം പേജിൽനിന്നും*

യുവജനോത്സവം, മറക്കാനാവാത്ത ഓണം, കേരളപ്പിറവി, ക്രിസ്മസ് സംഗീതസന്ധ്യ എന്നീ കലാപരിപാടികളും ബാഡ്മിന്റൺ, വോളിബോൾ, സോക്കർ തുടങ്ങിയ കായികടൂർണമെന്റുകളുമെല്ലാമായി നമ്മൾ മലയാളികളുടെ ഈ വർഷം വളരെ തിരക്കേറിയതായിരുന്നു.

ഈ വർഷത്തെ പരിപാടികൾ സംഘടിപ്പിക്കുവാൻ അക്ഷീണം പ്രയത്നിച്ച കമ്മിറ്റി അംഗങ്ങളോടും പരിപാടികളുടെ നടത്തിപ്പിനായി സാമ്പത്തികമായും മറ്റുവിധത്തിലും സഹായസഹകരണങ്ങൾ നൽകിയ സ്പോൺസർമാരോടും എല്ലാറ്റിനും ഉപരിയായി എല്ലാ സംരംഭങ്ങൾക്കും നിർലോഭമായി പ്രോത്സാഹനം നൽകുന്ന എല്ലാ സമാജം അംഗങ്ങളോടും പറഞ്ഞാൽ തീരാത്ത നന്ദിയും കടപ്പാടും ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തുന്നു. മലയാളി സമാജത്തിന് മുൻകാലങ്ങളിൽ നേതൃത്വം നൽകിയവർ, മലയാളികളുടെ വിവിധ പള്ളികൾ, ക്ലബ്ബുകൾ, മറ്റു ഇൻന്ത്യൻ അസോസിയേഷനുകൾ, മാധ്യമങ്ങളായ കേരളനാട്, മലയാളിപത്രം, ഇന്ത്യൻ ന്യൂസ് ലിങ്ക് എന്നിവരുടെ സഹകരണവും പ്രോത്സാഹനവും എടുത്തുപറയേണ്ടതായിട്ടുണ്ട്.

മറ്റു തിരക്കുകളെല്ലാം മാറ്റിവെച്ച് മെയ് ഒന്നിനു നടക്കുന്ന സ്റ്റാർനൈറ്റിൽ പങ്കെടുക്കുവാനായി ടിക്കറ്റുകൾ നേരത്തെ കരസ്ഥമാക്കി എല്ലാവരും കുടുംബസമേതം എത്തണമെന്ന് സമാജം കമ്മിറ്റിക്കു വേണ്ടി ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

## താരനിശയിലെ താരങ്ങളിലേയ്ക്ക്

*അഞ്ചാം പേജിൽനിന്നും*

### ഇന്ദ്രൻസ്

ഇന്ദ്രൻസ് എന്നപേരിൽ അറിയപ്പെടുന്ന തിരുവനന്തപുരം സ്വദേശി കെ. സുരേന്ദ്രൻ എന്ന അനുഗ്രഹീതകലാകാരൻ സിനിമാലോകത്തേയ്ക്ക് പ്രവേശിച്ചത് 'ചൂതാട്ടം' എന്ന സിനിമയിലൂടെയാണ്. വസ്ത്രാലങ്കാരരംഗത്തുകൂടി മലയാളസിനിമാലോകത്തേയ്ക്ക് കടന്നുവന്ന ഇന്ദ്രൻസ് പ്രേംനസീറിന്റെ കാലഘട്ടം മുതൽ എല്ലാ പ്രമുഖ നടന്മാരുമായും അടുത്തബന്ധം പുലർത്തിയിരുന്നു. തന്റെ സ്വതസിദ്ധമായ ശൈലിയിൽ 200 ൽ പരം സിനിമകളിൽ അഭിനയിച്ചിട്ടുള്ള ഇന്ദ്രൻസ് ഇന്നും വളരെ തിരക്കുള്ള ഹാസ്യനടനാണ്.

### വിധുപ്രതാപ്

മലയാള ചലച്ചിത്രപിന്നണി ഗായകരിൽ പ്രശസ്തനായ വിധുപ്രതാപ് തിരുവനന്തപുരം സ്വദേശിയാണ്. 100ൽ പരം മലയാളസിനിമകളിൽ പാടിയിട്ടുള്ള വിധുപ്രതാപ് തമിഴ്, തെലുങ്ക്, കന്നട, സിനിമകളിലും ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. 4–ാം ക്ലാസിൽ പഠിക്കുമ്പോൾ 'പാദമുദ്ര' എന്ന സിനിമയ്ക്കുവേണ്ടി പാടിക്കൊണ്ടാണ് സംഗീതലോകത്തേയ്ക്ക് കടന്നുവന്നത്. ബെസ്റ്റ് മെയിൽ പ്ലേബാക്ക് സിംഗർക്കുള്ള 2001 ലെ കേരളസംസ്ഥാന അവാർഡ്, 1997 ലെ ഏഷ്യാനെറ്റ് അവാർഡ് എന്നിവയടക്കം നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള വിധുവിന്റെ പ്രശസ്തഗാനങ്ങളിൽ ഒന്നാണ് നമ്മൾ എന്ന സിനിമയിലെ 'എന്തുസുഖമാണീ നിലാവ്' എന്നു തുടങ്ങുന്ന ഗാനം. പ്രശസ്തനർത്തകിയായ ദീപ്തിയാണ് വിധുവിന്റെ ഭാര്യ.

### ടിനിടോം

ഇന്ന് മിമിക്രി രംഗത്തെ നിറസാന്നിദ്ധ്യമാണ് ടിനിടോം. മോഹൻലാൽ, ജയറാം, കലാഭവൻമണി എന്നിവരുടെ വിദേശപ്രോഗ്രാമുകളിലുടെ ശ്രദ്ധ നേടിയ കലാകാരനാണ് എറണാകുളം സ്വദേശിയായ ടിനിടോം. ജീവൻ ടിവിയിലെ കോമഡി സ്ട്രീറ്റിൽ ക്വട്ടേഷൻ ഓൺ ഡിമാന്റ് പരിപാടിയുടെ അവതാരകനാണ്. സ്റ്റേജ് ഷോകളായ താരോത്സവം 2009, വോഡാഫോൺ 2010, പലിശരാജാ കോമഡിഷോ എന്നിവയിലെല്ലാം തിളങ്ങിയ താരവുമാണ്.

### ദീപ്തി പ്രതാപ്

മലയാളം ടിവി ചാനലുകളിലെ പ്രശസ്ത അവതാരിക. ഭാവ- ലാസ്യ-താള്ളയങ്ങൾ സമന്വയിപ്പിച്ച് നൃത്തവിസ്മയം കാഴ്ചവയ്ക്കുന്ന ദീപ്തി യൂണിവേഴ്സിറ്റി കലാതിലകമായിരുന്നു. പ്രശസ്ത സിനിമാനടനും നർത്തകനുമായ വിനീതിനൊപ്പം നിരവധി രാജ്യങ്ങളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്. ദീപ്തി പിന്നണി ഗായകനായ വിധുപ്രതാപിന്റെ ഭാര്യയാണ്.

## ജനപിന്തുണയോടെ...

*അഞ്ചാം പേജിൽനിന്നും*

ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ബ്രൂഡ് മേസൺ സെന്ററിൽ കോമഡിഷോ അരങ്ങേറുമ്പോൾ അച്ചടക്കത്തോടെയും സമയനിഷ്ഠപാലിച്ചും ഒരു മെഗാഷോ എങ്ങിനെയാണ് അവതരിപ്പിക്കപ്പെടുക എന്നകാര്യം നമ്മൾ മനസ്സിലാക്കാൻ പോകുന്നു. കൂടാതെ എല്ലാ പ്രേക്ഷകർക്കും ഒരു നല്ല അനുഭവമായിരിക്കും ജഗതിടീമിന്റെ ഈ സായാഹ്നം എന്ന് അടിവരയിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചോദ്യങ്ങൾക്കുള്ള ഉത്തരം വ്യക്തമായി എന്നുകരുതുന്നതിനോടൊപ്പം ഈ മഹാസംരംഭത്തിന് തുടക്കം കുറിച്ച മുൻ കമ്മറ്റിയെ ആദരപൂർവ്വം ഓർത്തുകൊള്ളുന്നു. പ്രോത്സാഹനവും, സാമ്പത്തികസഹായവും സ്പോൺസർഷിപ്പും മറ്റും നൽകിയ എല്ലാവരോടും നന്ദിപറയുന്നതിനോടൊപ്പം തോളോടുതോൾ ചേർന്ന് ഈ പരിപാടി ഒരു വൻവിജയമാക്കിതീർക്കണം എന്ന് എല്ലാവരോടും അഭ്യർത്ഥിക്കുകയാണ്.

## മാതാപിതാക്കളുടെ പ്രചോദനം എന്നെ മിഷനറിയാക്കി

### – ഗ്ലാഡിസ്സ് സ്റ്റയിൻസ്



കൊച്ചുകുട്ടിയായിരിക്കുമ്പോൾ മുതൽ മാതാപിതാക്കൾ പകർന്നുതന്ന ദൈവവിശ്വാസത്തിന്റെയും പരസ്നേഹത്തിന്റെയും പാഠങ്ങളാണ് തന്നെ ഒരു മിഷനറിയാക്കിയതെന്ന് ഒറീസ്സയിലെ കാഞ്ചൽ ജില്ലയിൽ ഹിന്ദുവർഗീയവാദികൾ ജീവനോടെ ചുട്ടുകൊന്ന ക്രിസ്ത്യൻ മിഷനറി ഗ്രഹാം സ്റ്റയിൻസിന്റെ വിധവ ഗ്ലാഡിസ് സ്റ്റയിൻസ് പറഞ്ഞു. മാർച്ച് 27–ാം തീയതി സെന്റ് തോമസ് മാർത്തോമാ ചർച്ചിന്റെ നേതൃത്വത്തിൽ ഓക്‌ലന്റ് മൗണ്ട് ആൽബർട്ട് റോഡിലുള്ള ത്രീ കിംഗ്സ് ഫിക്ലിംഗ് കമ്മ്യൂണിറ്റി സെന്ററിൽ നടന്ന കൺവൻഷനിൽ പ്രസംഗിക്കവേയാണ് അവർ ഇപ്രകാരം പറഞ്ഞത്. ഇന്ത്യയിലെ മിഷനറി പ്രവർത്തനം പ്രതിസന്ധികൾ നിറഞ്ഞതാണെങ്കിലും ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം കുഷ്ഠരോഗികളെയും ആദിവാസികളെയും പരിചരിക്കുന്നതിന് പ്രചോദനം നൽകുകയാണെന്ന് അവർ പറഞ്ഞു. തന്റെ പ്രസംഗത്തിനിടെ ഒറീസ്സയിലെ കഷ്ടപ്പെടുന്ന കുഷ്ഠരോഗികളുടെയും ആദിവാസികളുടെയും പാവപ്പെട്ട പട്ടികവർഗ്ഗക്കാരുടെയും അതിശോചനീയമായ അവസ്ഥ വെളിവാക്കുന്ന സി.ഡി പ്രദർശിപ്പിച്ചു. റവ. ഫാദർ അലക്സ് വിരുതികുളങ്ങരയുടെ പ്രാർത്ഥനയോടെ ആരംഭിച്ച കൺവൻഷനിൽ റവ. ഫാ. രാജി ഈപ്പൻ അദ്ധ്യക്ഷനായിരുന്നു. റവ. ഫാ. ഷിനു തോമസ് സമാപന ആശിർവ്വാദം നൽകി. ശ്രീ. ജോർജ് വർഗീസ് നന്ദിയും പറഞ്ഞു.

## കൈരളി ഇന്ത്യൻ റസ്റ്റോറന്റ് പ്രവർത്തനമാരംഭിച്ചു



റോയൽ ഓക്കിൽ ഏപ്രിൽ 5–ാം തീയതി രാവിലെ 11 മണിക്ക് കൈരളി ഇന്ത്യൻ റസ്റ്റോറന്റിന്റെ ഉദ്ഘാടനം ഫാദർ അലക്സ് വിരുതിക്കുളങ്ങരയും ഫാദർ ഡോ. ജോസഫ് സക്കറിയയും ചേർന്ന് നിലവിളക്ക് കൊളുത്തി നിർവഹിച്ചു.

ഹോട്ടലിൽ സജ്ജമാക്കിയിരിക്കുന്ന മധുരപലഹാരങ്ങൾക്കായുള്ള വിഭാഗത്തിന്റെ ഉദ്ഘാടനം, ഹോട്ടൽ ഉടമകളായ മനീഷ് ജോസഫ്, ദിലീപ് നായർ എന്നിവരിൽനിന്നും ആദ്യവിൽപന സ്വീകരിച്ചുകൊണ്ട് മലയാളിസമാജം പ്രസിഡന്റ് ശശിനമ്പീശൻ നിർവഹിച്ചു.

ഉദ്ഘാടനവേളയിൽ മലയാളിസമാജം സെക്രട്ടറി ജോമിച്ചൻ, ട്രഷറർ വേണു, റോയി പള്ളിമാലിൽ, റോയി ഫ്രാൻസിസ്, ശ്രീകുമാർ, ബിജു സുരേന്ദ്രൻ, കേരളനാട് ചീഫ് എഡിറ്റർ, കിവി ഇന്ത്യൻക്ലബ് അംഗങ്ങൾ തുടങ്ങി ധാരാളം പേർ പങ്കെടുത്തു. മലയാളികൾക്ക് പ്രിയങ്കരമായ വിവിധതരത്തിലുള്ള വിഭവങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉടമകൾ പറഞ്ഞു.














## ആവേശം തിരതല്ലിയ സോക്കർ മത്സരം





ഓക്‌ലന്റ്: മലയാളി സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ സോക്കർ ടൂർണമെന്റ് മാർച്ച് 24-ാം തീയതി ഞായറാഴ്ച മൗണ്ട് ആൽബർട്ട് അലൻവുഡ് റിസേർവ്വ് മൈതാനത്ത് നടത്തി. ആദ്യന്തം വീറും ആവേശവും നിറഞ്ഞു നിന്ന ഫൈനൽ മത്സരത്തിൽ കീവി ഇന്ത്യൻ ക്ലബ്ബിനെ പരാജയപ്പെടുത്തി റോയൽ ഓക്ക് ഏയിം ക്ലബ്ബ് വിജയികളായി. ഏയിം ക്ലബ്ബിന്റെ രണ്ട് ടീമുകളും കീവി ഇന്ത്യൻ സ്പോർട്സ് ക്ലബും കൂടാതെ ഹാമിൾട്ടണിൽ നിന്ന് കൈരളി സ്പോർട്ട് ക്ലബ്ബും ടൂർണമെന്റിൽ പങ്കെടുത്തു. എയിം ക്ലബിന്റെ എൽദോസ് വറുഗീസ് മികച്ച കളിക്കാരനായി തിരഞ്ഞെടുക്കപ്പെട്ടു. മലയാളി സമാജം പ്രസിഡന്റ് ശ്രീ ശശി നമ്പീശൻ വിജയികൾക്ക് ട്രോഫി സമ്മാനിച്ചു.





## മാർച്ച് 24 മുതൽ 28 വരെ ഹാമിൾട്ടൺ ഇന്നീസ്സ് കോമണിൽവെച്ച് നടന്ന ബലൂൺമേളയുടെ ദൃശ്യങ്ങൾ

വ്യത്യസ്ത രൂപങ്ങളിലും വർണ്ണങ്ങളിലും കാറ്റിന്റെ ഗതിക്കനുസരിച്ച് അന്തരീക്ഷത്തിലൂടെ പാറിനടക്കുന്ന അപ്സര സുന്ദരിമാർ. ലക്ഷത്തോളം വരുന്ന കാഴ്ചക്കാർ. ഹൃദയത്തിന് സന്തോഷവും ആവേശവും പകരുന്ന മേള. ▶



ഫോട്ടോ: ജി. ചെറിയാൻ, ഇടയാറന്മുള

24 യാത്രക്കാരുമായി ആകാശത്തേയ്ക്ക് ഉയരുന്ന പടുകൂറ്റൻ ബലൂൺ. ▼





ഹോക്സ്ബേ സെന്റ് മേരീസ് കേരളാ കത്തോലിക്കാ പള്ളിയുടെ ദുഃഖവെള്ളിയാഴ്ച പ്രദക്ഷിണം




| Destination | Fixed Line | Mobile |
|---|---|---|
| India | 2.5 ¢ | 2.5 ¢ |
| Canada | 2.5 ¢ | 2.5 ¢ |
| U.K. | 2.5 ¢ | 20 ¢ |
| U.S.A. | 2.5 ¢ | 2.5 ¢ |
| Sri Lanka | 20 ¢ | 20 ¢ |
| Singapore | 3.3 ¢ | 3.3 ¢ |




# ഇന്ത്യൻ-ന്യൂസിലന്റ് കോളം

## പൊതുസ്ഥലത്ത് മൂത്രമൊഴിച്ചതിന് മേയർ ക്ഷമപറഞ്ഞു

നോർത്ത് ഷോർ മേയർ ആൻഡ്രൂ വില്ല്യംസ് പൊതുസ്ഥലത്ത് മൂത്രമൊഴിച്ചതിന് ക്ഷമ പറഞ്ഞു. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ രാജി ആവശ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് അദ്ദേഹം ക്ഷമ പറഞ്ഞത്. കഴിഞ്ഞ ആഴ്ചയിൽ ബാറിൽ കയറി മദ്യപിച്ചതിനു ശേഷം കൗൺസിൽ ഓഫീസിനു പുറത്ത് മൂത്രമൊഴിക്കുകയും പിന്നീട് ടക്കപ്പുണയിൽ നിന്ന് ക്യാബൽസ് ബേയിലേയ്ക്ക് വാഹനം ഓടിച്ചു പോവുകയും ചെയ്തു എന്നാണ് ആരോപണം. എന്നാൽ ഈ ആരോപണം രാഷ്ട്രീയലക്ഷ്യത്തോടെയാണെന്നും രാജി ആവശ്യപ്പെട്ടവർ തന്നെ നിരന്തരം തേജോവധം ചെയ്യുന്നവരാണെന്നും ആൻഡ്രൂ വില്ല്യംസ് തന്റെ പ്രസ്താവനയിൽ പറഞ്ഞു.

## പുകവലി ഏറ്റവും കുറവ് ഇന്ത്യക്കാർക്കിടയിൽ

ദി ക്വിറ്റ് ഗ്രൂപ്പ് നടത്തിയ പഠനത്തിൽ ന്യൂസിലന്റിൽ പുകവലി ഏറ്റവും കുറവ് ഇന്ത്യക്കാർക്കിടയിലാണെന്ന് കണ്ടെത്തിയിരിക്കുന്നു. 42% മാവോറികൾ പുകവലിക്ക് അടിമയായിരിക്കുമ്പോൾ ഇംഗ്ലീഷുകാരിൽ 19 ശതമാനവും ഇന്ത്യക്കാരിൽ 11 ശതമാനവമാണ് പുകവലിക്കുന്നവർ. ഇത് ജീവിതക്രമത്തിൽ ഇന്ത്യക്കാർക്കുള്ള നിയന്ത്രണത്തിന് ഉദാഹരണമായി വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

## ഗ്രാഫ്റ്റൻ ബ്രിഡ്ജിൽ ഗതാഗത നിയന്ത്രണം

തിങ്കൾ മുതൽ വെള്ളിവരെയുള്ള ദിവസങ്ങളിൽ രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ ഗ്രാഫ്റ്റൻ ബ്രിഡ്ജ് വഴിയുള്ള ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തി. ബസ്സുകളും ഇരുചക്രവാഹനങ്ങളും കാൽനടക്കാരും ഒഴികെയുള്ള വാഹനങ്ങൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്.

## അനാവശ്യ ചുവരെഴുത്തുകൾ നിയന്ത്രിക്കാൻ നടപടി

അനാവശ്യ ചുവരെഴുത്ത് (graffiti) ഒരു ക്രിമിനൽ കുറ്റമാണെന്ന് പൊലിസ് നാഷണൽ ഹെഡ്ക്വാർട്ടേഴ്സ് വക്താവ് ഗിൽപാമർ അറിയിച്ചു. ഇതിൽ നിന്ന് കുട്ടികളെ പിന്തിരിപ്പിക്കുന്നതിനായി സ്കൂളുകളിൽ ബോധവത്ക്കരണക്ലാസുകൾ നടത്തുവാൻ തീരുമാനിച്ചതായും അദ്ദേഹം അറിയിച്ചു. ഈ പ്രവണത ശ്രദ്ധയിൽപെട്ടാൽ 0800 555 111 എന്ന നമ്പറിൽ അറിയിച്ചാൽ നടപടി ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

## എഡ്മണ്ട് ഹിലാരിയുടെ ചിതാഭസ്മം എവറസ്റ്റിലേക്ക്

കാഠ്മണ്ഡു: ലോകത്തിന്റെ നിറുകയെന്ന് വിശേഷിപ്പിക്കപ്പെടുന്ന എവറസ്റ്റിൽ ആദ്യമായി കാലുകുത്തിയ എഡ്മണ്ട് ഹിലാരിയുടെ



ചിതാഭസ്മം നിമജ്ജനം ചെയ്യുന്നതും എവറസ്റ്റിൽ തന്നെ. ഹിലാരിയുടെ ആഗ്രഹത്തെ തുടർന്നാണിതെന്ന് ഏറ്റവും കൂടുതൽ തവണ എവറസ്റ്റ് കീഴടക്കിയതിനുള്ള റിക്കോർഡിനുടമയായ നേപ്പാളി പർവ്വതാരോഹകൻ അപാഷെർപ്പ പറഞ്ഞു.

1953 മെയ് 29-ാം തീയതിയാണ് ന്യൂസിലന്റ് സ്വദേശിയായ എഡ്മണ്ട് ഹിലാരിയും ടെൻസിംഗ് നോർഗെയും എവറസ്റ്റ് കീഴടക്കിയത്. തെയ്മിലെ ആശ്രമത്തിലാണ് ഹിലാരിയുടെ ചിതാഭസ്മം സൂക്ഷിച്ചിരിക്കുന്നത്.

## നായ്ക്കൾക്ക് രജിസ്ട്രേഷൻ നിർബന്ധം

നായ്ക്കളെ വളർത്തുന്നവർ സിറ്റി കൗൺസിലിൽ നായ്ക്കളെ രജിസ്റ്റർ ചെയ്യണം എന്ന നിയമം നിലനിൽക്കുന്നതിനാൽ പ്രസ്തുത നിയമം പാലിക്കാത്ത ഉടമകളിൽ നിന്നും $300 പിഴ ചുമത്തുന്നതിന് തീരുമാനിച്ചു. നായ്ക്കളുടെ ആക്രമണം കൂടുതലായി റിപ്പോർട്ടു ചെയ്യുന്നതിന്റെ പശ്ചാത്തലത്തിലാണ് നിയമം കർശനമാക്കിയത്. ഓക്‌ലന്റ് സിറ്റി കൗൺസിൽ സിറ്റിയിലെ 20,844 നായ്ക്കൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ കർശനമാക്കിയത് നായ്ക്കളുടെ ഉപദ്രവം കുറയ്ക്കുന്നതിനും അവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതും സഹായിച്ചിട്ടുണ്ടെന്ന് സിറ്റി ഡവലപ്പ്മെന്റ് കമ്മിറ്റി ചെയർമാൻ ആറോൺ ബട്ട്നാഗർ പറഞ്ഞു. രജിസ്റ്റർ ചെയ്യാതെ നായ്ക്കളെ വളർത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൗൺസിലിന്റെ മൃഗസംരക്ഷണ ഓഫീസിൽ അറിയിക്കുക. ഫോൺ: 3722190.




**സിജു ജേക്കബ്**
ബി.എച്ച്.എം.

## കടലപ്പരിപ്പ് പ്രഥമൻ

1. കടലപ്പരിപ്പ് - 250 ഗ്രാം
   വെള്ളം - അരലിറ്റർ
2. നെയ്യ് - രണ്ടു ഡിസേർട്ടു സ്പൂൺ
3. ശർക്കര - 400 ഗ്രാം
   വെള്ളം - അരലിറ്റർ
4. ചവ്വരി - 50 ഗ്രാം
5. രണ്ട് തേങ്ങയുടെ പാൽ
   ഒന്നാംപാൽ - കാൽലിറ്റർ
   രണ്ടാംപാൽ - കാൽലിറ്റർ
   മൂന്നാം പാൽ - അരലിറ്റർ
   തേങ്ങ കനം കുറച്ച് അരിഞ്ഞ് നെയ്യിൽ വറുത്തത് - കാൽ കപ്പ്
7. ഏലയ്ക്കായ് പൊടിച്ചത് - 5 ഗ്രാം
   ചുക്കുപൊടി - 5 ഗ്രാം
   ജീരകപ്പൊടി - 5 ഗ്രാം
8. പഞ്ചസാര - 50 ഗ്രാം

**പാകം ചെയ്യുന്നവിധം**

അരലിറ്റർ വെള്ളം വെട്ടിത്തിളയ്ക്കുമ്പോൾ കടലപ്പരിപ്പിട്ടു വേവിക്കുക. വെന്തതിനുശേഷം നന്നായി ഉടയ്ക്കുക. വെള്ളം വറ്റുമ്പോൾ രണ്ടു ഡിസേർട്ട് സ്പൂൺ നെയ്യൊഴിച്ചു വഴറ്റുക. ശർക്കര അരലിറ്റർ വെള്ളത്തിൽ ഉരുക്കി അരിച്ച് വെന്ത കടലപ്പരിപ്പിൽ ചേർത്തു വരട്ടുക. വെള്ളം നല്ലതുപോലെ വറ്റുമ്പോൾ മൂന്നാം പാൽ ചേർക്കുക. തിളയ്ക്കുമ്പോൾ കഴുകിയ ചവ്വരി ചേർക്കുക. തിളയ്ക്കുമ്പോൾ രണ്ടാംപാൽ ചേർക്കുക. രണ്ടാം പാൽ തിളയ്ക്കുമ്പോൾ ഒന്നാം പാൽ ഒഴിക്കുക. ഒന്നാംപാൽ ഒഴിച്ചു നന്നായി ചൂടാകുമ്പോൾ വാങ്ങുക. ഒന്നാം പാൽ ഒഴിച്ചു കഴിഞ്ഞു തിളയ്ക്കരുത്.

വാങ്ങിവെച്ച പ്രഥമനിൽ ഏലക്കായ് പൊടിച്ചത്, ചുക്കുപൊടിച്ചത്, ജീരകപ്പൊടി എന്നിവ ചേർത്തതിനുശേഷം വറുത്ത തേങ്ങ ചേർക്കുക. ഒടുവിൽ 50 ഗ്രാം പഞ്ചസാരയും ചേർത്തിളക്കുക

# സീറോ മലബാർ മിഷൻ വിശുദ്ധവാരം ആചരിച്ചു





**ഷിബു മാത്യു**

ഓക്‌ലന്റ്: ഓക്‌ലന്റ് സീറോ മലബാർ മിഷൻ വിശുദ്ധവാരം ഭക്തിനിർഭരമായി ആചരിച്ചു. ഏപ്രിൽ 1-ാം തീയതി പെസഹാ വ്യാഴാഴ്ചയിലെ തിരുകർമ്മങ്ങൾ വൈകിട്ട് 8.30 ന് ആരംഭിച്ചു. തുടർന്ന് കാൽകഴുകൽ ശുശ്രൂഷയും നടന്നു.

ദുഃഖവെള്ളിയാഴ്ച രാവിലെ 10.30 ന് തിരുകർമ്മങ്ങൾ ആരംഭിച്ചു. തിരുകർമ്മങ്ങളോടനുബന്ധിച്ചുള്ള കുരിശിന്റെ വഴി ഭക്തിനിർഭരവും യേശുവിന്റെ പീഡാനുഭവയാത്ര വിളിച്ചോതുന്നതുമായിരുന്നു. യേശുവിന്റെ പീഡാനുഭവയാത്ര എല്ലാവർക്കും പ്രത്യേകിച്ച് ഇടവകയിലെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനു വേണ്ടി ഇടവകയിലെ യുവജനങ്ങൾ പീഡാനുഭവയാത്ര അനുസ്മരിച്ചു കൊണ്ടു നടത്തിയ കുരിശിന്റെ വഴി യേശു അനുഭവിച്ച സഹനത്തിന്റെ തീവ്രത എല്ലാവർക്കും മനസ്സിലാക്കി കൊടുക്കുന്നതായിരുന്നു. കുരിശിന്റെ വഴിക്കുശേഷം മിഷൻ അംഗങ്ങൾ പങ്കെടുക്കുന്ന കണിനേർച്ചയും ഉണ്ടായിരുന്നു. ഉയർപ്പിന്റെ തിരുക്കർമ്മങ്ങൾ ശനിയാഴ്ച രാത്രി 10.30 ന് ആരംഭിച്ചു. തിരുക്കർമ്മങ്ങൾക്കു ശേഷം കേക്ക് മുറിച്ച് വിതരണം ചെയ്തു. ഇടവകാംഗങ്ങൾ ഈസ്റ്റർ മംഗളങ്ങൾ പങ്കുവച്ചു. വിശുദ്ധവാരശുശ്രൂഷകളിൽ മിഷൻ അംഗങ്ങളുടെ സജീവമായ സാന്നിദ്ധ്യവും ദുഃഖവെള്ളിയാഴ്ച ദിവസവും ഉയർപ്പു ശുശ്രൂഷയ്ക്കും ദേവാലയത്തിൽ തിങ്ങിനിറഞ്ഞ ഇടവകാംഗങ്ങളുടെ സാന്നിധ്യം ശ്രദ്ധേയമായിരുന്നു.

# വെല്ലിംങ്ടൺ മലയാളികളുടെ വിഷു ഒരുക്കങ്ങൾ പൂർത്തിയായി

**രാജീവ് പട്ടാണി**

വെല്ലിംങ്ടൺ: ഗൃഹാതുരത്വത്തിന്റെ മധുരസ്മരണകൾ ഉണർത്തി വീണ്ടും ഒരു വിഷു വന്നെത്തുമ്പോൾ ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും അടയാളമായ വിഷുക്കണി ദർശിക്കുവാനും വിഷുക്കൈനീട്ടം വാങ്ങുവാനും വെല്ലിംങ്ടണിലെ മലയാളികൾ ഒരുങ്ങിക്കഴിഞ്ഞു.

കഴിഞ്ഞ വർഷങ്ങളിലെപ്പോലെ ഇത്തവണയും വെല്ലിങ്ടണിലുള്ള ന്യൂസിലന്റിലെ കുറുഞ്ചികുമരൻ ക്ഷേത്രത്തിലാണ് വിഷുക്കണി ഒരുക്കുന്നത്. എല്ലാവരുടെയും സൗകര്യം കണക്കിലെടുത്ത് ഏപ്രിൽ 18 ഞായറാഴ്ചയാണ് വിഷു ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

മുഖ്യപൂജാരിയായ ശ്രീ ഗൗരിരാജൻ അയ്യങ്കാറുടെ കാർമ്മികത്വത്തിൽ എല്ലാ മലയാളികളുടെയും ഉന്നമനത്തിനായി പ്രത്യേക പൂജയും വിഷ്ണുസഹസ്രനാമപാരായണവും ഉണ്ടായിരിക്കുന്നതാണ്.

വിഷുദിനത്തിൽ പൂജയിൽ പങ്കെടുക്കുന്ന എല്ലാവർക്കുമായി വിഷുക്കൈനീട്ടവും കേരളീയശൈലിയിൽ വിഷുപ്രാതലും തയ്യാറാക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. എല്ലാ മലയാളികളും ഈ വിഷു ആഘോഷപരിപാടികളിൽ പങ്കെടുക്കണമെന്നും ഇതിന്റെ സംഘാടകർ അഭ്യർത്ഥിച്ചു.

## നവരസങ്ങൾ ഇതൾ വിരിയിക്കുന്ന നർത്തകർ

*ഒന്നാം പേജിൽനിന്നും*

ന്യൂസിലന്റ് മലയാളികൾക്കിടയിൽ നൃത്തത്തിൽ പ്രഗൽഭ്യം തെളിയിച്ചിട്ടുള്ള ഇവർ ഒന്നിച്ചവതരിപ്പിക്കുന്ന ആദ്യനൃത്തപരിപാടിയാണ് ഓക്‌ലന്റ് ഗേൾസ് ഗ്രാമർ സ്കൂളിലെ ഡൊറോത്തി വിൻസ്റ്റൺ സെന്ററിൽ മെയ് 23 ന് വൈകുന്നേരം 4.30 ന് നടക്കുന്നത്. സ്വന്തം കഴിവുകളെ വികസിപ്പിച്ചെടുക്കുവാൻ സാഹചര്യമില്ലാതെ വീടിന്റെ അകത്തളങ്ങളിൽ അന്തർമുഖരായി കഴിഞ്ഞുകൂടുന്ന ഏഷ്യൻ വനിതകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന 'ശക്തി' എന്ന സംഘടനയുടെ ധനശേഖരണാർത്ഥമാണ് നവരസങ്ങൾ പെയ്തിറങ്ങുന്ന ഈ കലാവിസ്മയം അവതരിപ്പിക്കുന്നത്.

ഈ കലാപ്രതിഭകളുടെ പിതാവ് ഐക്യരാഷ്ട്രസഭയ്ക്കു കീഴിൽ വിവിധരാജ്യങ്ങളിൽ അദ്ധ്യാപകനായി സേവനം ചെയ്തിട്ടുള്ള ചെങ്ങന്നൂർ സ്വദേശി ബാലകൃഷ്ണപിള്ളയും മാതാവ് ജലജ പിള്ളയുമാണ്. മാമാങ്കത്തിന് നൃത്തം അവതരിപ്പിച്ചു പുരസ്ക്കാരം നേടിയിട്ടുള്ള ജലജ പിള്ള സാമൂഹികസേവനത്തിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്. ശാസ്ത്രീയ നൃത്തം അഭ്യസിച്ചിട്ടുള്ള ജലജ പിള്ളയാണ് നൃത്തത്തിന്റെ ആദ്യചുവടുകൾ മക്കളെ പഠിപ്പിച്ചത്. ഡോ. സന്ധ്യ തന്റെ തിരക്കേറിയ ആതുരസേവനത്തിനിടയിലും നൃത്തച്ചുവടുകൾ പരിശീലിക്കുകയും അത് സഹജീവികളുടെ ജീവിതവിജയത്തിനുള്ള ഒരു മാർഗ്ഗമായി മാറ്റുവാനും ശ്രമിക്കുകയുമാണ്. റിട്ടയേർഡ് ജുഡീഷ്യൽ മജിസ്ട്രേട്ട് ഗോവിന്ദക്കുറുപ്പിന്റെ കൊച്ചുമക്കളായ സന്ദ്യയും ഗോവിന്ദും ജനിച്ചതും വളർന്നതും വിദേശത്താണെങ്കിലും മലയാലത്തനിമ നിലനിർത്തുന്നതിൽ അതീവതത്പരരാണ്.

വിവിധ ആഫ്രിക്കൻ രാജ്യങ്ങളിലും പാപ്പുവ ന്യൂഗിനിയ, ഓസ്ട്രേലിയ, ന്യൂസിലന്റ് എന്നിവിടങ്ങളിലെ വിവിധ വേദികളിലും നൃത്തം അവതരിപ്പിച്ചിട്ടുള്ള ഡോ. സന്ധ്യയ്ക്ക് രണ്ടു കുട്ടികളുണ്ട്, ഹരിയും ശ്രീനിധിയും. കാൻബറ, അഡലെയ്ഡ്, സിഡ്നി, മെൽബൺ തുടങ്ങിയ നഗരങ്ങളിൽ വിജയകരമായി നൃത്തവിസ്മയങ്ങൾ അവതരിപ്പിച്ചിട്ടുള്ള ഗോവിന്ദ് പിള്ള മുഖ്യമായും ഭരതനാട്യത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. മെൽബണിൽ ഇന്റർനാഷണൽ ഫ്ളെർ ഡാൻസ് കമ്പനിയുടെ വൈസ് പ്രസിഡന്റായ ഗോവിന്ദ് കർണ്ണാടക സംഗീതത്തിലും വയലിനിലും തന്റെ പ്രാവീണ്യം തെളിയിച്ചിട്ടുണ്ട്. കലയെ മനുഷ്യനന്മയ്ക്കായി ഉപയോഗിക്കുന്ന ഈ സഹോദരങ്ങൾ ന്യൂസിലന്റ് ബ്ലൈൻഡ് അസോസിയേഷനുവേണ്ടിയും വിവിധ Women refugee organizationനു വേണ്ടിയും സ്കൂളുകൾക്കും ആരാധനാലയങ്ങൾക്കുവേണ്ടിയുമുള്ള ധനസമാഹരണപരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.


നൂറ്റാണ്ടുകളായി യൂറോപ്പിലെയും ഏഷ്യയിലെയും കലാകാരന്മാർക്കിടയിൽ നിലനിൽക്കുന്ന ഉത്തരം കിട്ടാത്ത ചോദ്യങ്ങളാണ്; കല കലയ്ക്കുവേണ്ടിയോ അതോ മനുഷ്യനുവേണ്ടിയോ? കലയെ മനുഷ്യനന്മക്കായി ഉപയോഗിച്ചു കൊണ്ട് ഡോ. സന്ധ്യയും ഗോവിന്ദും ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുകയാണ് - കല മനുഷ്യനുവേണ്ടിയാണ് മനുഷ്യൻ കലയ്ക്കുവേണ്ടിയല്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ- 094108189

**നേരറിയിക്കാൻ നേരത്തെ അറിയിക്കാൻ**

ന്യൂസിലന്റിലെ ഏറ്റവും പ്രചാരമുള്ള കേരളനാട് പത്രത്തിലേക്ക് വാർത്തകൾ, ലേഖനങ്ങൾ, അനുഭവക്കുറിപ്പുകൾ, കഥകൾ, കവിതകൾ എന്നിവ ക്ഷണിക്കുന്നു. പിറന്നാൾ, വിവാഹ വാർഷികം എന്നിവ ഫോട്ടോസഹിതം വെറും 20 ഡോളർമാത്രം. ഉപകാരസ്മരണയ്ക്ക് 15 ഡോളർ മാത്രം. വൈവാഹികം, വിൽപ്പനയ്ക്ക്, ആവശ്യമുണ്ട് തുടങ്ങിയവ സൗജന്യം.

Keralanadu, 10A Prospero Tec, Mount Ablert, Auckland. Ph: 8451540, 0212972647

## മഹാന്മാരുടെ പള്ളിക്കൂടം കഥകൾ



# അച്ഛനില്ലാത്ത കുട്ടി

**സ്കൂ**ൾ വിട്ട നേരം. കുട്ടികൾ വീട്ടിലെത്താൻ ഓട്ടമായി. നാലഞ്ചു കുട്ടികൾ മാത്രം സ്കൂൾ വളപ്പിൽനിന്ന് ഏറെ അകലെയല്ലാത്ത ഒരു മാവിൻ തോട്ടത്തിലേക്കാണ് പോയത്. ആ തോട്ടത്തിലെ മാവുകളിൽ തൂങ്ങി നിൽക്കുന്ന തുടുത്ത മാമ്പഴങ്ങളിൽ അവർ നേരത്തെ കണ്ണുവച്ചിട്ടുള്ളതാണ്.

കുട്ടികൾ വേലിചാടി തോട്ടത്തിനുള്ളിലേക്കു കടക്കാൻ തയ്യാറായി. അപ്പോൾ അതിലൊരുവൻ അവരെത്തടഞ്ഞുകൊണ്ടു പറഞ്ഞു;

"അരുത് കൂട്ടുകാരേ, നമുക്കങ്ങോട്ടു കടക്കാൻ പാടില്ല. കാരണം അത് അന്യരുടെ മുതലാണ്,"

"നീ പോടാ; നിനക്കു ധൈര്യമില്ലെങ്കിൽ വേണ്ട, ഞങ്ങൾ നിന്നെപ്പോലെ പേടിത്തൊണ്ടന്മാരല്ല."

അതും പറഞ്ഞുകൊണ്ട് മറ്റു നാലു കുട്ടികളും വേലി ചാടി തോട്ടത്തിൽ പ്രവേശിച്ചു. ഒട്ടും വൈകിക്കാതെ മാവിൽ കയറി മാമ്പഴം പറിച്ചു തിന്നുവാൻ തുടങ്ങി.

മറ്റുള്ളവരുടെ വരവുംകാത്ത് പുറത്തുനിന്ന കുട്ടി വേലിപ്പുറത്തേക്ക് തലനീട്ടി നിന്നിരുന്ന ഒരു ചെടിയുടെ പൂവു പറിച്ചെടുത്തു.

ആ സമയത്താണ് തോട്ടമുടമ അതുവഴി വന്നത്. അയാൾ വന്നപ്പോഴേക്കും തോട്ടത്തിനകത്തു കയറിയ വിരുതന്മാർ ഞൊടിയിടകൊണ്ട് വേലി ചാടി പിടികൊടുക്കാതെ ഓടി മറഞ്ഞു. എന്നാൽ പൂ പറിച്ചവൻ അയാളുടെ കയ്യിൽപ്പെട്ടു. കയ്യിൽ കിട്ടിയ ഉടനെ അയാൾ കുട്ടിയെ അടിച്ചു. പാവം കുട്ടി! അവൻ കരഞ്ഞുകൊണ്ട് വിക്കി വിക്കിപ്പറഞ്ഞു;

"ഞാനൊരു പൂവല്ലേ പറിച്ചിട്ടുള്ളു."

"പുവായാലും കായായാലും എനിക്ക് എല്ലാം ഒന്നുതന്നെ."

"എന്നെ നിങ്ങൾ തല്ലിയത് എനിക്കച്ഛനില്ലാത്തതു കൊണ്ടല്ലേ?"



കുട്ടിയുടെ ഈ ചോദ്യം കേട്ടപ്പോൾ തോട്ടമുടമ പിന്നേയും മൂന്നുനാലടികൂടി അവനു കൊടുത്തുകൊണ്ടു പറഞ്ഞു;

"അച്ഛനില്ലാത്ത കുട്ടി നല്ലവനായി വളരണം. മറ്റുള്ളവരുടെ സാധനങ്ങൾ നശിപ്പിച്ചുകൊണ്ട് ഒരിക്കലും തോന്നിയവാസിയാവരുത്."

അവൻ കരഞ്ഞുകൊണ്ട് വീട്ടിലേക്കു നടന്നു. ആ തോട്ടമുടമയുടെ അവസാന വാക്കുകൾ അവന്റെ പിഞ്ചു മനസിൽ തറച്ചുനിന്നു!

അച്ഛനില്ലാത്ത താൻ നല്ലവനായി വളരണം. മറ്റൊരാളുടെ ഒരു സാധനവും അവരുടെ സമ്മതമില്ലാതെ എടുത്തു പോകരുത്, അവൻ ദൃഢനിശ്ചയം ചെയ്തു.

ആ കുട്ടിയാണ് പിന്നീട് ഭാരതത്തിന്റെ ഭരണസാരഥ്യം വഹിച്ച പ്രധനമന്ത്രി ലാൽ ബഹദൂർശാസ്ത്രി!

## തിരുത്ത്

ഫെബ്രുവരി ലക്കം കേരളനാടിൽ വന്ന 'നിധിയെ തേടി നിധി' എന്ന വാർത്തയിൽ നിധിയുടെ മാതാപിതാക്കൾ അമേരിക്കയിൽ എന്നത് ന്യൂസിലന്റിൽ സ്ഥിരതാമസക്കാർ എന്ന് തിരുത്തി വായിക്കുക

# ഭാരതം കണ്ണെഴുതിയപ്പോൾ



ന്യൂഡൽഹി: ഒട്ടേറെ വിവാദങ്ങൾക്കുശേഷം ഒടുവിൽ വനിതാസംവരണബിൽ രാജ്യസഭ അംഗീകരിച്ചു. താമസിയാതെ ലോക്സഭയിലും ബില്ല് അവതരിപ്പിക്കും. ബിജെ പിയും ഇടതു മുന്നണിയും ബില്ലിനെ അനുകൂലിച്ചു. മന്ത്രി മമതാ ബാനർജി, ലാലുപ്രസാദ് യാദവ്, മുലായം സിംഗ് എന്നിവരുടെ എതിർ പ്പുകൾ നേരിടേണ്ടിവന്നു. വിവാദവുമായി ഏഴ് എംപിമാരെ സമ്മേളനകാലയളവിൽ സസ്പെൻഡ് ചെയ്തിരുന്നു.

ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സീറ്റുകൾ സംവരണം ചെയ്യുന്ന ബില്ലാണ് ഇത്. 14 വർഷം നീണ്ട ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷമാണ് ബിൽ അവതരിപ്പിക്കപ്പെട്ടത്. സ്ത്രീകൾക്ക് സമ്മതിദാനാവകാശം നൽകിയ പ്രഖ്യാപനത്തിനുശേഷം ഇന്ത്യ കൈവരിച്ച ഏറ്റവും വലിയ നേട്ടമാണിത്. രാഷ്ട്രപതി, ഭരണമുന്നണി അദ്ധ്യക്ഷ, ലോക്സഭാ സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നീ സ്ഥാനങ്ങൾ വനിതൾ അലങ്കരിക്കുമ്പോഴാണ് വനിതാ ബിൽ പാസാക്കുന്നതെന്ന പ്രത്യേകതയും ഉണ്ട്.

# ആയിരം കിലോ തൂക്കമുള്ള കുരിശുമായി മലയാറ്റൂരിലേക്ക്

കോട്ടയം: പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഓർമ്മയുമായി ആയിരത്തിലേറെ കിലോ തൂക്കമുള്ള കുരിശുമായി 50 അംഗ സംഘം മലയാറ്റൂരിലേയ്ക്ക് കാൽനടയായി തീർത്ഥാടനം നടത്തുന്നു.

## നിര്യാതനായി



**ജയിംസ് ജെ. ജോസ്**

ജോസഫീന ബേബിയുടെ (ഹാമിൽട്ടൻ) പിതാവ് ജയിംസ് ജെ. ജോസ് - 65 (മയൂർ വിഹാർ, ന്യൂഡൽഹി) നിര്യാതനായി. സംസ്കാരം ന്യൂഡൽഹി പഹാഡ്ഗഞ്ച് സെമിത്തേരിയിൽ നടത്തി. ഭാര്യ ബേബിക്കുട്ടി. മകൻ ജയിംസ് ജോസ്. മരുമക്കൾ ബേബി തോമസ് (ഹാമിൽട്ടൻ), റോസ്മേരി.

## പാംസ്റ്റൻ നോർത്തിൽ മലയാളി അസോസിയേഷൻ രൂപീകരിച്ചു

പാംസ്റ്റൻ നോർത്ത്: മാർച്ച് 13-ാം തീയതി ഫെർഗുസൻ സ്ട്രീറ്റിലുള്ള കമ്മ്യൂണിറ്റി ലെയ്സൻ ഹാളിൽ ചേർന്ന യോഗത്തിൽ കേരള അസോസിയേഷൻ ഓഫ് പാംസ്റ്റൻ നോർത്ത് (കാപ്പൻ) എന്ന പേരിൽ മലയാളി അസോസിയേഷൻ രൂപീകരിച്ചു. പ്രസ്തുതയോഗത്തിൽ പ്രസിഡന്റ് ഐപ്പ് മാത്യൂസ്, വൈസ് പ്രസിഡന്റ് ഗ്രേയ്സ് മാത്യു, സെക്രട്ടറി ആന്റണി ജേക്കബ്, ജോ. സെക്രട്ടറി കൊച്ചുറാണി ജോസഫ്, ട്രഷറർ വി. എസ്. എബ്രഹാം എന്നിവരും മനോജ് മുട്ടേൽ, ജേബസ് ജേക്കബ്, ലിബ്സൺ വറുഗീസ്, ജേസ്റ്റിൻ, ആൻമേരി, ഷെലിൻ ജോസഫ്, സുഭാഷ് ഭാസ്കരൻ, സജി ജോസഫ്, സാജു ചെറിയാൻ, സുമിമോൾ ജോർജ്ജ് എന്നിവർ കമ്മറ്റി അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു.

ഏപ്രിൽ 10-ാം തിയതി ശനിയാഴ്ച ഈസ്റ്റർ ആഘോഷിക്കുവാൻ തീരുമാനിച്ചു. അസോസിയേഷന്റെ ഭാവിപരിപാടികൾ പിന്നീട് തീരുമാനിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

## ജേസീസ് ഡാൻസ് ഫെസ്റ്റ്

ഓക്‌ലന്റ്: മലയാളി ജേസീസിന്റെ ഈ വർഷത്തെ പബ്ലിക് റിലേഷൻ പ്രോഗ്രാം മെയ് മാസം 29 ശനിയാഴ്ച വൈകിട്ട് 6 മണിക്ക് ന്യൂലിനിലെ കെൽസ്റ്റൺ ഗേൾസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തും. സമ്മേളനത്തിൽ ഓക്‌ലന്റിലെ സാമൂഹ്യ സാംസ്കാരിക മേഖലയിലെ പ്രമുഖർ പങ്കെടുക്കും. സമ്മേളനത്തിന്റെ ഭാഗമായി ഇന്ത്യയിലെ പ്രമുഖ നർത്തകിമാർ അവതരിപ്പിക്കുന്ന 'ഇന്ത്യൻ ഡാൻസ് ഫെസ്റ്റ്' സംഘടിപ്പിച്ചിട്ടുണ്ട്. പരിപാടിയുടെ വിശദവിവരങ്ങൾക്കും പാസുകൾക്കും സെക്രട്ടറി ഷിബു ജോസഫുമായി ബന്ധപ്പെടുക. ഫോൺ : 6206557

## ഹാമിൾട്ടണിൽ ഈസ്റ്റർ – വിഷു ആഘോഷം

ഹാമിൾട്ടൺ: കേരളസമാജത്തിന്റെ ഈ വർഷത്തെ ഈസ്റ്റർ-വിഷു ആഘോഷങ്ങൾ ഏപ്രിൽ 17ന് വൈകിട്ട് 6.30 മുതൽ ഹാമിൾട്ടൺ വെസ്റ്റ് സ്കൂൾ ഹാളിൽ നടക്കുന്നതാണ്. മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും ക്ലാസിക്കൽ ഡാൻസ്, സിനിമാറ്റിക് ഡാൻസ്, കരോക്കെ ഗാനങ്ങൾ, സ്കിറ്റുകൾ, മിമിക്സ്, ഈസ്റ്റർ-വിഷു സന്ദേശങ്ങൾ എന്നിവ അടങ്ങിയ വിപുലമായ പരിപാടികളാണ് ഒരുക്കിയിരിക്കുന്നത് എന്ന് പ്രസിഡന്റ് ജീവൻ മാത്യൂ അറിയിച്ചു. പരിപാടികളിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ സെക്രട്ടറി ശിവൻ ആചാരിയുമായി ബന്ധപ്പെടുക. ഫോൺ 07 8437903

## ദുരന്തനിവാരണസെമിനാർ

ഓക്‌ലന്റ്: ഓക്‌ലന്റ് സിറ്റി കൗൺസിൽ ദുരന്തനിവാരണമാർഗ്ഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുവേണ്ടി സൗജന്യ സെമിനാർ സംഘടിപ്പിക്കുന്നു. പാർനെൽ കമ്മ്യൂണിറ്റി സെന്ററിൽ ഏപ്രിൽ 29, ജൂൺ 24, ആഗസ്റ്റ് 26 എന്നീ തീയതികളിൽ വൈകുന്നേരം 6 മണി മുതലാണ് സെമിനാർ. കൂടുതൽ വിവരങ്ങൾ www.civildefence.govt.nz എന്ന സൈറ്റിൽനിന്നും ലഭിക്കുന്നതാണ്.

# കുരിശിന്റെ വഴിയും പെസഹാചരണവും

റോട്ടറോവ: റോട്ടറോവ സെന്റ്മേരീസ് പള്ളിയിൽ മാർച്ച് 5ന് ൽ വിശുദ്ധകുർബാനയോടെ നോമ്പാചരണം ആരംഭിച്ചു. കുർബ്ബാനയ്ക്കും കുരിശിന്റെ വഴിക്കും ഫാ. അക്കരയിൽ നേതൃത്വം നൽകി. അതിനുശേഷം നടന്ന പൊതുയോഗത്തിൽ എല്ലാ വെള്ളിയാഴ്ചയും രാത്രി 8ന് സെന്റ്മേരീസ് പള്ളിയിൽ വച്ച് കുരിശിന്റെ വഴി നടത്താൻ തീരുമാനിച്ചു.

മുൻ തീരുമാനപ്രകാരം എല്ലാ വെള്ളിയാഴ്ചയും സാബു, ഷൈബു തുടങ്ങിയവരുടെ നേതൃത്വത്തിൽ കുരിശിന്റെവഴി ഭക്തിനിർഭരമായി നടത്തി.

മാർച്ച് 20ന് ഫാ. അക്കരയിൽ റോട്ടറോവയിലെ എല്ലാ മലയാളികളുടെയും വീട് വെഞ്ചരിച്ച് കർത്താവിന്റെ പീഠാനുഭവത്തിന്റെയും കുരിശുമരണത്തിനും ഉയർപ്പിനുമായി എല്ലാ മലയാളികളെയും ഒരുക്കി.

പെസഹാ വ്യാഴാഴ്ച വി. കുർബ്ബാനയ്ക്കുശേഷം ഷൈബു ആന്റണിയുടെ വസതിയിൽ പൊതുവായി പെസാഹാചരണം ഉണ്ടായിരുന്നു. അതിൽ എല്ലാ മലയാളികളും സംബന്ധിച്ച് പരിശുദ്ധ കുർബ്ബാനയുടെ സ്ഥാപനത്തിന്റെ ഓർമ്മപുതുക്കി.

ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴി റെജുവിന്റെ വസതിയിൽ വച്ചു നടത്തി. അതിനുശേഷം എല്ലാവരും സെന്റ് മേരീസ് പള്ളിയിൽ കർത്താവിന്റെ കുരിശുമരണത്തിന്റെ ഓർമ്മയിൽ ഭക്തിനിർഭരമായി സംബന്ധിച്ചു.

# പുതിയ മലയാളി വിദ്യാർത്ഥികൾക്ക് സ്വീകരണം

**റോട്ടറോവ :** Waiariki Institute of Technology യുടെ 2010-11 അദ്ധ്യയനവർഷത്തേക്കുള്ള പുതിയ വിദ്യാർത്ഥികൾക്കുള്ള സ്വീകരണം റോട്ടറോവ കൺവെൻഷൻ സെന്ററിൽ വച്ച് നടത്തി. മാവോറി രീതിയിലുള്ള വരവേല്പ്പ് വിദ്യാർത്ഥികൾക്ക് പുത്തൻ അനുഭവമായിരുന്നു. കേരളത്തിൽ നിന്നും കൂടുതൽ വിദ്യാർത്ഥികൾ എത്തിയിരിക്കുന്നത് ഹോസ്പിറ്റാലിറ്റി, നേഴ്സിംങ് എന്നീ കോഴ്സുകൾക്കാണ്.

ന്യൂസിലന്റു ഗവൺമെന്റിന്റെ കണക്കുകൾ അനുസരിച്ച് ഇന്ത്യൻ വിദ്യാർത്ഥികൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും കഴിഞ്ഞകാലത്തെ അപേക്ഷിച്ച് വിദ്യാർത്ഥികളുടെ എണ്ണത്തിൽ വളരെയധികം കുറവ് സംഭവിച്ചിട്ടുണ്ട്. അതിനുള്ള പ്രധാനകാരണമായി കാണുന്നത് പഠനത്തിനുശേഷമുള്ള തൊഴിൽ സാഹചര്യം വിരളമായതാണ്.

പുത്തൻപ്രതീക്ഷകളുമായി എത്തിയിരിക്കുന്ന എല്ലാവിദ്യാർത്ഥികൾക്കും നല്ലത് ആശംസിക്കുന്നു.

